
# Trichur Archdiocesan Bulletin

ആഗസ്റ്റ് 2019
വാല്യം: 87 ലക്കം: 08
ESTD:1934

## എത്ര പ്രാവശ്യം ക്ഷമിക്കണം?




## പ്രാവശ്യം ക്ഷമിക്കണം

മത്തായി 18: 22-23 (നിർദ്ദയനായ ഭൃത്യന്റെ ഉപമ)

ARCHDIOCESE OF TRICHUR
Estd. 1887

TAB

# ആദരാഞ്ജലികൾ



**ഷെവലിയർ പ്രഫ. എൻ. എ. ഔസേപ്പ്**

**ജനനം : 02.06.1928**
**ഷെവലിയർ : 17.12.1988**
**മരണം : 16.07.2019**



Trichur Archdiocesan Bulletin TAB


**ആഗസ്റ്റ് 2019**

ലക്കം: 08 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 13 |
| അതിർത്തി പുനർനിർണ്ണയ ഡിക്രി | 19 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 23 |
| സഹായമെത്രാന്റെ പരിപാടികൾ | 25 |
| നാളാഗമം | 27 |
| നാമകരണ നടപടികൾ | 32 |
| സാമ്പത്തിക കാര്യാലയം | 35 |
| വൈദികർ | 39 |
| സന്യസ്തർ | 41 |
| പാസ്റ്ററൽ കൗൺസിൽ | 45 |
| അതിരൂപത തീർഥകേന്ദ്രം | 48 |
| മതബോധനം | 51 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 72 |



1387/2018
C-9
18.07.2019

# സർക്കുലർ

## വി. എവുപ്രാസ്യമ്മ യുടെ തിരുനാൾ – ആഗസ്റ്റ് 29

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത
മെത്രാപ്പോലീത്ത

ഈശോമിശിഹായിൽ ബഹു. വൈദികരെ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

കേരളസഭ ഏറെ അനുഗ്രഹിക്കപ്പെട്ട പുണ്യകാലഘട്ടമാണ് 21–ാം നൂറ്റാണ്ട്. സീറോമലബാർ സഭയിലെ മൂന്ന് പുണ്യാത്മാക്കളെ ഔദ്യോഗികമായി വിശുദ്ധരെന്ന് വിളിച്ച കത്തോലിക്കാ തിരുസ്സഭ നാലാമതൊരു വിശുദ്ധയെക്കൂടി – വി. മറിയം ത്രേസ്യയെ – കേരളസഭയ്ക്ക് സമ്മാനിക്കുകയാണ്. സഭാമാതാവ് മക്കളുടെ വിശുദ്ധികൊണ്ട് കൂടുതൽ ധന്യമാകുന്നു.

ദൈവസ്നേഹത്തിൽ ജ്വലിച്ചെരിഞ്ഞ വിശുദ്ധ ജീവിതങ്ങളുടെ പരിമളം ഹൃദയങ്ങളെ തൊട്ടുണർത്തുമ്പോൾ, എവുപ്രാസ്യമ്മയുടെ തിരുനാളും, ആ വിശുദ്ധി നിറഞ്ഞ ജീവിത സ്മരണകൾ നമ്മിൽ സജീവമാക്കുന്നു. ഒല്ലൂർ മഠത്തിന്റെ കപ്പേളയുടെ മൂലയിലിരുന്ന് ദൈവസ്നേഹത്തിന്റെ ഇഴകൾ കൊണ്ട് ആത്മാവിന്റെ വിശുദ്ധ വസ്ത്രം നെയ്തെടുത്ത എവുപ്രാസ്യമ്മ, പ്രാർത്ഥനയും, തപസ്സും, ലാളിത്യവും നിറഞ്ഞ തന്റെ ജീവിതത്തിലേക്ക് ചൊരിയപ്പെട്ട ദൈ

വസ്നേഹം, മനുഷ്യസ്നേഹത്തിന്റെ നീർച്ചാലായി ചുറ്റുമുള്ളവരിലേക്ക് ഒഴുക്കിയപ്പോൾ, അവൾ നമുക്കൊരുറപ്പു തന്നു – മരിച്ചാലും മറക്കില്ലാട്ടോ. പ്രാർത്ഥനയുടെ നീണ്ട യാമങ്ങളിൽ വ്യക്തിപരമായി അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം, ആ നല്ല അമ്മയുടെ ഹൃദയത്തിൽ സദാ ജ്വലച്ചു നിന്നു. ആ സ്നേഹാനുഭവത്തിലേക്ക് മറ്റുള്ളവരേയും ഉയർത്തിക്കൊണ്ടു വരുവാൻ വി.ഏവുപ്രാസ്യമ്മ തീവ്രമായി പരിശ്രമിച്ചു.

ഇന്ന് സഭയിലെ സാഹചര്യങ്ങൾ മുമ്പത്തേക്കാൾ ഏറെ സങ്കീർണ്ണമാകുകയാണ്. ലൗകികതയുടേയും സുഖജീവിതത്തിന്റേയും സ്വാധീനം സഭാമക്കളെ കാരുണ്യത്തിന്റേയും ലാളിത്യത്തിന്റേയും വിശ്വാസത്തിന്റേയും വഴികളിൽ നിന്ന് വ്യതിചലിപ്പിച്ചുകൊണ്ടിരിക്കുന്നു. എതിർ സാക്ഷ്യങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ദൈവത്തെ മാത്രം സർവ്വസ്വമായി തെരഞ്ഞെടുത്ത് ജീവിതത്തിന് അർത്ഥവും ആഴവും കണ്ടെത്തിയ എവുപ്രാസ്യമ്മ ഈ യുഗത്തിന് ഒരു വെല്ലുവിളിയാണ്, ഒപ്പം പ്രചോദനവും.

മക്കൾക്ക് വേണ്ടി പോലും പ്രാർത്ഥിക്കാൻ താല്പര്യം ഇല്ലാത്തവരും, ജീവിതവ്യഗ്രതയിൽ മുഴുകി കുടുംബാഗങ്ങളുടെ കാര്യത്തിൽ ഇടപെടാൻ സമയമില്ലാത്തവരുമെല്ലാം ക്രൈസ്തവജീവിതത്തിന് ഒരു ചോദ്യചിഹ്നമാണ്. അതുകൊണ്ടുതന്നെ, പാപബോധം നഷ്ടപ്പെട്ട് തിന്മയുടെ വഴിയെ നടക്കാൻ തിടുക്കം കൂട്ടുന്ന ഈ ആധുനിക യുഗത്തിലെ മക്കൾ നിരാശയിലേക്ക് വഴുതി വീഴുന്നു. അവർക്കുവേണ്ടി കണ്ണീരൊഴുക്കി മാദ്ധ്യസ്ഥ്യം വഹിക്കാൻ, പ്രാർത്ഥിക്കുന്ന അമ്മമാരില്ലാത്തതാണ് ലോകത്തിൽ പാപം വർദ്ധിക്കാൻ കാരണം. ഈ ആത്മീയ മാതൃത്വം സ്വമനസ്സാ ഏറ്റെടുത്ത്, നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾക്കുവേണ്ടിയും, തിരുസ്സഭയുടെ വളർച്ചക്ക് വേണ്ടിയും, ഒന്നാം പ്രമാണത്തിനെതിരായി ഈ കാലഘട്ടത്തിലും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ബ്ലാക്മാസ്സ് അഥവാ സാത്താൻപൂജ പോലെയുള്ള അന്ധവിശ്വാസത്തിലേക്ക് വഴുതിവീഴുന്നവരുടെ മാനസാന്തരത്തിനു വേണ്ടിയും, വൈദികരും സമർപ്പിതരും വിശുദ്ധിയിൽ ജീവിക്കുന്നതിനു വേണ്ടിയും എവുപ്രാസ്യമ്മ മോശയെപ്പോലെ

ശക്തയായ ഒരു മദ്ധ്യസ്ഥയായി സക്രാരിക്കു മുൻ പിൽ രാപകൽ തപസ്സിരുന്നു. തന്റെ രോഗപീഢകളേയും, സഹനങ്ങളേയുമെല്ലാം ആത്മാക്കളെ നേടുന്നതിനുള്ള വിലയേറിയ രത്നങ്ങളാക്കി അവൾ മാറ്റി.

അനാഥാത്മാക്കളുടെ മോചനത്തിന് വേണ്ടി നിരന്തരം എവുപ്രാസ്യമ്മയുടെ ഹൃദയം ദാഹിച്ചു, തപസ്സും ഉപവാസവും അനുഷ്ഠിച്ച് അവർക്കു വേണ്ടി പ്രാർത്ഥിച്ച് അവരുടെ ശുദ്ധീകരണ കാലഘട്ടം കുറച്ചു. അമ്മയുടെ കത്തുകളിൽ ഇത്തരത്തിലുള്ള നിരവധി സാക്ഷ്യങ്ങളുണ്ട്.

വി. പൗലോശ്ലീഹാ പറയുന്നതു പോലെ, അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (1 തെസ. 4/7). നമുക്ക് മുൻപേ നടന്ന് വിശുദ്ധി സ്വന്തമാക്കിയ എവുപ്രാസ്യമ്മ വിശുദ്ധിയുടെ പാതയിൽ ചരിക്കുവാൻ ചില സൂക്തങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നു – (1) സംസാരത്തിൽ മിതത്വവും ആത്മനിയന്ത്രണവും പാലിക്കുക, (2) സാധിക്കുന്നിടത്തോളം വേഗത്തിൽ ക്ഷമ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുക, (3) ദൈവാനുഗ്രഹങ്ങളും സഹനങ്ങളും നന്ദി പറഞ്ഞ് ദൈവതൃക്കരങ്ങളിൽ നിന്ന് സ്വീകരിക്കുക, (4) എല്ലാ കാര്യങ്ങളും ദൈവസ്നേഹത്തോടെ നിർവഹിക്കുക, (5) ജപമാല ചൊല്ലി നിരന്തരം പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ ആയിരിക്കുക, (6) അഹങ്കാരം വെടിഞ്ഞ് എളിമയോടെ ജീവിക്കുക. ഈ പുണ്യങ്ങളെല്ലാം വിശുദ്ധഗ്രന്ഥത്തിൽ കണ്ടുമുട്ടുന്നവയാണ്.

വിശുദ്ധ എവുപ്രാസ്യമ്മയുടെ ജീവിതം നൽകുന്ന പൂജ്യസ്മരണകൾ, സഭാ സന്താനങ്ങൾക്ക് ക്രിസ്തീയ ജീവിതത്തിൽ വളരുന്നതിനും ആത്മപരിശോധന നടത്തി പ്രചോദനം ഉൾക്കൊള്ളുന്നതിനുമുള്ള അവസരമാണ്. സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള യാത്രയിൽ താങ്ങും തണലും വിശുദ്ധ കുർബാനയും ജപമാലയുമാണെന്ന് ഈശോയേയും പരിശുദ്ധ അമ്മയേയും പ്രാണനു തുല്യം സ്നേഹിച്ച എവുപ്രാസ്യമ്മ നമ്മോടു പറയുന്നു.

വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29 ന് ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ വെച്ച് സാഘോഷം കൊണ്ടാടുന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ആഗസ്റ്റ് 20 മുതൽ ആരം

ഭിക്കുന്ന നൊവേനയും, തിരുനാളും നമുക്ക് വി. എവുപ്രാസ്യമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിതരുന്ന വിശുദ്ധ ദിനങ്ങളായി മാറട്ടെ.

ഒല്ലൂരിലെ വി. എവുപ്രാസ്യമ്മയുടെ കബറിടത്തിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ട് അനുഗ്രഹങ്ങളേറ്റുവാങ്ങാൻ നിങ്ങളെ ഓരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും എല്ലാ കുടുംബങ്ങളേയും വിശുദ്ധയുടെ മാധ്യസ്ഥ്യം വഴി, ഈശോയുടെ തിരുഹൃദയത്തെ ഭരമേല്പിക്കുന്നു. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,




**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 ആഗസ്റ്റ് 11–ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

Ref:3206/K-5/KCBC/OL DS
25.06.2019



## യുവജനദിനം 2019

ജൂലൈ 7, ഞായർ
കെസിബിസി
യുവജനകമ്മീഷൻ
പുറപ്പെടുവിക്കുന്ന

# സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കെസിബിസി യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7-ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെസിവൈഎം പ്രവർത്തകർക്കും ഇതരയുവജനസംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിന്റെ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. ''ക്രിസ്തു ജീവിക്കുന്നു...നിങ്ങൾ ജീവനുള്ളവരായിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു'' എന്ന് യുവജന

ങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പാ, യുവജനം ലോകത്തിന്റെയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.
യുവജനം സഭയുടെ ഇന്നിന്റെ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിന്റെ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിതനായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ അവജ്ഞയോടെ കാണുന്നതും അവരുടെമേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.
സഭയ്ക്കും ലോകത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എമിന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.
ഒന്നാമതായി, യുവജനങ്ങളെ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ ഏല്പിച്ച വലിയ ഉത്തര വാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15) എന്നാണ് അവിടന്ന് അവസാനമായി നമ്മോട് കല്പിച്ചത്. യേശുവിന്റെ രക്ഷയുടെ സന്ദേശം, സ്നേഹമായും കരുണയായും കരുതലായും സമാ ധാനമായും സമൂഹത്തിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവയുവജ നങ്ങൾ മുന്നിട്ടിറങ്ങുന്നതിന്റെ നേർക്കാഴ്ചകൾ കേരളത്തിൽ അങ്ങോ ളമിങ്ങോളം കാണാം. സുവിശേഷത്തിന്റെ സന്തോഷവും സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാ ഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമൂല്യ സമ്പത്താണ്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം "സഭ യുടെ നല്ല സാക്ഷ്യമുഖമായി" പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവ നകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു. യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂ ഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിന്റെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം. കുടും ബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂ ഹത്തിന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തി യിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹി ഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാര ത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവന മില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാ ഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരി

തം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിൽ പങ്കുചേരുന്നു.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാനത്തിന്' (Youth for Peace Campaign) എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർകോട് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര – K2K)
2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)
3. സമാധാനപദയാത്ര (Peace Walk, July 7, 2019)
4. അന്തർദേശീയ സമാധാനസമ്മേളനം (International Peace Conference)
5. രൂപതാതല സമാധാനസമ്മേളനങ്ങൾ (Peace Conference in 32 Dioceses)

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർഗോട് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.വൈ.എമിന്റെ നേതൃത്വത്തിലുള്ള സമാധാന സന്ദേശ യാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിന്റെയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു. അഭിവന്ദ്യപിതാക്കന്മാരോടും ഈ സന്ദേ ശയാത്രയെ വരവേറ്റ് അനുഗമിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. യാത്രയിൽ പങ്കെടുത്ത എല്ലാ കെ.സി.വൈ.എം. പ്രവർത്തകരെയും അനുമോദിക്കുന്നു.

ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്:

1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും (Higher Education and Placement Cell);
2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ (Green Protocol in 10 Cathedral Campuses);
3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം. (Evangelizing Media, Technology and Cell Phone Campaign);
4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എമും മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു.

എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിന്റെ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**N.B.** 2019 ജൂലൈ 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ആഗസ്റ്റ് 2019

1 : പതിനഞ്ചു നോമ്പാരംഭം
വി. അൽഫോൻസ് ലിഗോരി
2 : ആദ്യവെള്ളി നിസിബിസിലെ വി. യാക്കോബ്
3 : വി. ജോൺ മരിയ വിയാനി
4 : **കൈത്താ രണ്ടാം ഞായർ**
6 : ന. കർത്താവിന്റെ രൂപാന്തരീകരണം
8 : വി. ഡൊമിനിക്
9 : മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
10 : വി. ക്ലാര
11 : **കൈത്താ മൂന്നാം ഞായർ**
14 : വി. മാക്സ് മില്യൻ കോൾബേ
15 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
ഇന്ത്യൻ സ്വാതന്ത്ര്യദിനം
18 : **കൈത്താ നാലാം ഞായർ**
21 : വി. പത്താം പിയൂസ് മാർപാപ്പ
24 : വി. ബർത്തലോമിയോ ശ്ലീഹാ
25 : **കൈത്താ അഞ്ചാം ഞായർ**
28 : വി. അഗസ്റ്റിൻ
29 : വി. എവുപ്രാസ്യാ
30 : വി. ശ്മോനിയും ഏഴുമക്കളും

### 2. ആഗ്സറ്റ് മാസത്തെ പരിപാടികൾ

ആഗസ്റ്റ് 5 : 10:00 am വിയാനി ഡേ, പൗരോഹിത്യ ജൂബിലി &
വൈദികസമ്മേളനം
(മൈനർ സെമിനാരി, കാച്ചേരി)
5 : മതബോധന മെറിറ്റ് ഡേ
22 : 10:30 am ആലോചനസമിതി യോഗം

### 3. പാസ്റ്ററൽ കൗൺസിൽ റൊട്ടേഷൻ ക്രമം

പതിനേഴാം പാസ്റ്ററൽ കൗൺസിൽ ആരംഭിച്ചതിനുശേഷം രൂപം കൊണ്ട ഇടവകകളിലെ പ്രാതിനിധ്യം താഴെ കൊടുക്കുന്നു.

**അവിണിശ്ശേരി – പുരുഷൻ**
**ചെമ്പുക്കാവ് – യുവജനം**
**കിഴുപ്പുള്ളിക്കര – പുരുഷൻ**
**ഒല്ലൂർ മേരിമാത – സ്ത്രീ**
**തോളൂർ – സ്ത്രീ**
**തൊറവ് – സ്ത്രീ**

### 4. അതിരൂപതാ അവാർഡ് ദിനം

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2019 നവംബർ 9–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2018 നവംബർ 10 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15–10–2019** നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു. വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).


TAB-August-2019
Trichur Archdiocesan Bulletin

## 1. വിദ്യാഭ്യാസരംഗം

2018–19 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - FULL A1, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

## 2. കായികം

**2.1** വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ– ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** സർവ്വകലാശാല കായികമത്സരങ്ങളിൽ
ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

## 3. കലാസാഹിത്യ രംഗം

**3.1** വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ– ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ
ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ (ദൈവാലയശുശ്രൂഷി, കണക്കെഴുത്തുക്കാരൻ മുതലായ ശുശ്രൂഷകൾ ചെയ്യുന്നവർ) അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**5. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം
2019 സെപ്തംബർ 15 മുതൽ 20 വരെയും സെപ്തംബർ 22 മുതൽ സെപ്തംബർ 27 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനവേദി ഒന്നാം ബാച്ച്: **ഗാഗുൽത്താ ധ്യാനകേന്ദ്രം, കുറുമാൽ**
രണ്ടാം ബാച്ച്: **മേരിമാതാ മേജർ സെമിനാരി**

ധ്യാനഗുരു : മാർ പ്രിൻസ് പാണേങ്ങാടൻ,
അദിലാബാദ് രൂപത മെത്രാൻ

- മുഴുവൻ സമയവും താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും മുൻകൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം,

ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

- ♦ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- ♦ എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്. അക്കാര്യം നേരത്തേ തന്നെ അഭിവന്ദ്യപിതാവിനെ അറിയിക്കുകയും അനുമതി വാങ്ങുകയും ചെയ്യേണ്ടതാണ്. അപ്രകാരം പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ 2019 ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.
- ♦ വാർഷികധ്യാനത്തിന്റെ ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്. ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്കാർക്കെങ്കിലും പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2019 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**5. വൈദികരുടെ നിയമനം:**

1. ഫാ. ലിജോ ചാലിശ്ശേരി – ജോ. സെക്രട്ടറി പാക്ട് കൂടി; സാധുത 2019 ജൂൺ 4 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

**"നിന്റെ പ്രയത്നം കൽത്താവിൽ അർപ്പിക്കുക. നിന്റെ പദ്ധതികൾ ഫലമണിയും."**



*സുഭാഷിതങ്ങൾ 16:3*

# പെരിഞ്ചേരി – ചെവ്വൂർ ഇടവകകളുടെ അതിർത്തി പുനർനിർണ്ണയ ഡിക്രി

**(കൽപ്പന നമ്പർ: 1241/2019 (DL 01/2019)**

**തിയ്യതി 29. -06. -2019)**

**പെരിഞ്ചേരി – ചെവ്വൂർ ഇടവകകളുടെ വികാരിമാർക്കും, കൈക്കാരന്മാർക്കും, ഇടവകക്കാർക്കും ആശീർവ്വാദം,**

**സൂചന:**

1. പെരിഞ്ചേരി പള്ളിയെ ഇടവകയായി ഉയർത്തിയ ഡിക്രിയും മാപ്പും (07.03.1903)
2. ചൊവ്വൂർ ഇടവകാതൃത്തി സംബന്ധിച്ച വികാരിയുടെ ശുപാർശ (16.10.1959)
2. അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് അതിരൂപത കാര്യാലയത്തിൽ പെരിഞ്ചേരി ഇടവകയിൽ നിന്ന് 12.06.2018ൽ സമർപ്പിച്ച അപേക്ഷ
3. അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് ചെവ്വൂർ ഇടവകയിൽ നിന്ന് 29.08.2018; 25.10.2018; 26.01.2019 എന്നീ തീയതികളിൽ അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച റിപ്പോർട്ടുകൾ.
4. അതിരൂപത അതിർത്തി നിർണ്ണയ കമ്മറ്റിയുടെ 25.05.2019 ലെ റിപ്പോർട്ട്

**മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ പെരിഞ്ചേരി – ചെവ്വൂർ ഇടവകകളുടെ അതിർത്തി അതിരൂപത നിയമാവലി (2015) നമ്പ. 161–164 പ്രകാരം 2019 ജൂൺ മാസം 30–ാം തിയതി മുതൽ ഇതിനാൽ പുനർനിർണ്ണയം ചെയ്തിരിക്കുന്നു.**

**പെരിഞ്ചേരി ഇടവകയുടെ പുനർനിർണ്ണയിച്ച അതിർത്തി**

ചെവ്വൂർ സെന്റ് സേവ്യർ ഇടവക വിഭജിച്ച് 07.03.1903ൽ രൂപം കൊണ്ട പെരിഞ്ചേരി സേക്രട്ട് ഹാർട്ട് ഇടവകയുടെ സ്ഥാപനഡിക്രിയോടൊപ്പം നല്കിയ ഇടവക അതിർത്തിയുടെയും, 16.10.1959ൽ ചൊവ്വൂർ ഇടവകാതിർത്തി സംബന്ധിച്ച വികാരിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിലും, ഇടവക വികാരിമാരിൽ നിന്നും പല വിശ്വാസികളിൽ നിന്നും ഇടവകാതിർത്തി കൃത്യമായി നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ട് ഇവിടെ ലഭിച്ച വിവിധ അപേക്ഷകളുടെയും, റിപ്പോർട്ടുകളുടെയും, അതിരൂപത നിയമാവലിയുടെയും, അതിരൂപത അതിർത്തി നിർണ്ണയ കമ്മിറ്റിയുടെ പഠനത്തിന്റെയും വെളിച്ചത്തിലും, പെരിഞ്ചേരി സേക്രട്ട് ഹാർട്ട് ഇടവകയുടെ **പടിഞ്ഞാറേ അതിർത്തി** താഴെപറയുന്ന പ്രകാരം

ഇതിനാൽ പുനർനിർണ്ണയം ചെയ്യുന്നു. ഈ അതിർത്തി തന്നെയായിരിക്കും പെരിഞ്ചേരി ഇടവകയുമായി ബന്ധപ്പെട്ട ചെവ്വൂർ ഇടവകയുടെ കിഴക്കേ അതിർത്തി.

പാറക്കോവിൻ അമ്പലത്തിൽ നിന്നും വടക്കോട്ട് അഞ്ചങ്ങാടി റോഡിലൂടെ ഇരുവശവും ഉൾപ്പെടുത്തിപോയി SVDP കോളനി വഴിയിലെത്തി (SVDP കോളനി ചെവ്വൂർ ഇടവകയിൽ ഉൾപ്പെടും) – വടക്കോട്ട് ടി. റോഡിന്റെ കിഴക്കുവശം മാത്രം ഉൾപ്പെടുത്തി പോയി സെന്റ് ആന്റണീസ് കപ്പേള സെന്ററിലെത്തി വടക്കോട്ട് റോഡിന്റെ കിഴക്കുവശം മാത്രം ഉൾപ്പെടുത്തി ചെറുവത്തേരി അഞ്ചങ്ങാടി സെന്ററിലെത്തി, ചെറുവത്തേരി അഞ്ചങ്ങാടി – ചെവ്വൂർ റോഡിലൂടെ വടക്കുഭാഗം മാത്രം ഉൾപ്പെടുത്തി പടിഞ്ഞാറോട്ട് പോയി പൊട്ടംതടത്തിൽ അമ്പലം റോഡിലെത്തി, പൊട്ടംതടം അമ്പലം റോഡിലൂടെ വടക്കോട്ട് റോഡിന്റെ കിഴക്കവശം മാത്രം ഉൾപ്പെടുത്തി, പൊട്ടംതടം അമ്പലത്തിലെത്തി, അമ്പലത്തിന്റെ മുന്നിലുള്ള റോഡിലൂടെ കിഴക്ക്വശം ഉൾപ്പെടുത്തി വടക്കോട്ട് എഴുത്തച്ചൻ പറമ്പിലൂടെ പോയി പൊട്ടംതടം അമ്പലത്തിന്റെ വടക്കുവശത്തുള്ള നാട്ടുവഴിയിലെത്തി, കിഴക്കോട്ട് തെക്കുവശം മത്രം ഉൾപ്പെടുത്തി ചെറുവത്തേരി അഞ്ചാങ്ങാടി – വായനശാല വഴിയിലെത്തി ടി. റോഡിന്റെ കിഴക്കുവശം മാത്രം ഉൾപ്പെടുത്തി വടക്കോട്ട് പോയി നീലംബരി ജംഗ്ഷനിലെത്തി, കിഴക്കോട്ടുതിരിഞ്ഞു ഇരുവശവും ഉൾപ്പെടുത്തി ശാസ്താ റോഡിലൂടെ മുന്നോട്ടു പോയി ശാസ്താ ജംഗ്ഷനിലെത്തി, വടക്കോട്ട് തിരിഞ്ഞു ഇരുവശവും ഉൾപ്പെടുത്തി മുന്നോട്ടു പോയി സ്റ്റാർ നഗറിലൂടെ ഇരുവശവും ഉൾപ്പെടുത്തി മുന്നോട്ടു പോയി, ഹരിശ്രീ നഗറിലെത്തി കിഴക്കോട്ട് തിരിഞ്ഞ് ഇരുവശവും ഉൾപ്പെടുത്തി മുന്നോട്ടു പോയി പെരിഞ്ചേരി പാറ സ്ക്കൂൾ സെന്ററിലെത്തി ചേരുന്നു.

ഈ കല്പനപ്രകാരം പുനർനിർണ്ണിയച്ച അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ ബന്ധപ്പെട്ട ഇടവകകളുടെ (പെരിഞ്ചേരി – ചെവ്വൂർ) അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകകളുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുണ്ടത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകയെയും അറിയിക്കേണ്ടതുമാണ്. ഇപ്പോൾ പുനർനിർണ്ണയം ചെയ്ത മാപ്പ് ഉൾപ്പെടുത്തി പെരിഞ്ചേരി ഇടവകാതിർത്തി കാണിക്കുന്ന പുതിയ മാപ്പിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു

നല്കേണ്ടതാണ്. ഈ കല്പനയുടെ അടിസ്ഥാനത്തിൽ ചെവ്വൂർ ഇടവകയുടെ അതിർത്തി കാണിക്കുന്ന മാപ്പും മേൽ പറഞ്ഞപോലെ സമർപ്പിച്ച് അതിരൂപതാ കാര്യാലയത്തിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

മേൽപറഞ്ഞ അതിർത്തി പ്രകാരം പെരിഞ്ചേരി അതിർത്തിയിൽ താമസിക്കുന്ന ചെവ്വൂർ ഇടവകക്കാർക്കും, ചെവ്വൂർ അതിർത്തിയിൽ താമസിക്കുന്ന പെരിഞ്ചേരി ഇടവകക്കാർക്കും താഴെ പറയുന്ന പ്രത്യേക ആനുകൂല്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. ഈ കല്പന പ്രകാരം നിശ്ചയിച്ച പെരിഞ്ചേരി ഇടവക അതിർത്തിയിലുള്ള ചെവ്വൂർ ഇടവകക്കാർ ആയിരുന്നവർക്ക് 25 വർഷത്തേക്ക് ചെവ്വൂർ സ്ക്കൂളിൽ ചെവ്വൂർ ഇടവകക്കാർക്ക് ഉള്ളതുപോലെ അവകാശം ഉണ്ടായിരിക്കുന്നതാണ്.
2. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന അതിർത്തി പ്രകാരം ഇടവക മാറേണ്ടിവരുന്നവർക്ക് അവരുടെ മാതൃഇടവകകളിൽ നിലവിലുള്ള കല്ലറകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
3. ഇപ്പോൾ നിശ്ചയിച്ച ഇടവകാർത്തിക്കുള്ളിൽ മറ്റ് ഇടവകക്കാരായിരുന്നവരുടെ പേര് വിവരം ഉൾപ്പെടുന്ന ഒരു ലിസ്റ്റ് അതിരൂപത കച്ചേരിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
4, മേൽപറഞ്ഞ വ്യക്തികൾക്ക് (കുടുംബങ്ങൾക്ക്) അവരുടെ താത്പര്യപ്രകാരം സ്വന്തം വികാരിയുടെ കത്തോടുകൂടി മുൻ ഇടവകയിൽ വിവാഹം, മൃതസംസ്കാരം, മാമ്മോദീസ, തുടങ്ങി കൂദാശകളും കൂദാശാനുകരണങ്ങളും പ്രത്യേക പരിഗണന നല്കി പൊതുനിബന്ധനകൾക്ക് വിധേയമായി അടുത്ത 10 വർഷത്തേക്ക് നടത്തികൊടുക്കേണ്ടതാണ്.

മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2019 ജൂൺ 30-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2:4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രിസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

**അതിരൂപതാ കാര്യാലയത്തിൽ നിന്ന്**
**2019 ജൂൺ മാസം 29-ാം തിയ്യതി നൽകപ്പെടുന്നത്.**

**മാർ ആൻഡ്രൂസ് താഴത്ത്**
**തൃശ്ശൂർ അതിരൂപത**
**മെത്രാപ്പോലീത്ത**

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
**ചാൻസലർ**

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ

# AUGUST 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Jyothi Eng. College Induction Ceremony |
| | | Evening | Holy Mass at Varadiyam and Grotto blessing |
| 02 | Fri | Morning | Curia Meeting |
| | | | **For Priests and Religious** |
| 03 | Sat | | Episcopal Ordination at Gwalior |
| 04 | Sun | | Episcopal Ordination at Gwalior |
| 05 | Mon | Morning | Vianney day Celebration at Minor Seminary & Priests' Conference |
| 06-09 | | | KCBC |
| 09 | Fri | | Permanent Synod |
| 10 | Sat | Morning | Olari Youth Meet Inauguration |
| | | Afternoon | Catholica Congress Athmaya Nethru Sangamam |
| 11-13 | | | CBCI Bangalore |
| | | | **For the People** |
| 14 | Wed | Afternoon | |
| 15 | Thu | Morning | Mundathikode Church Blessing |

| | | | |
|---|---|---|---|
| | | Afternoon | Archdiocesan Catechetical Merit Day at DBCLC |
| 16 | Fri | Morning | Holy Mass at Alagappanagar |
| | | | Curia Meeting, **Office work** |
| 17 | Sat | Morning | |
| | | Evening | Ollur Pastoral Visit |
| 18 | Sun | | Pastoral Visit- Ollur |
| 19-30 | | | Syro-Malabar Synod |
| 25 | Sun | | Youth Meet at DBCLC, |
| | | | Holy-Mass at St. Euphrasia Pilgrim Centre |
| 31 | Sat | Afternoon | Archdiocesan Media Award Day Program |

**“എന്റെ ദൂതൻ**
**നിങ്ങളോടു**
**കൂടെയുണ്ട്. അവൻ**
**നിങ്ങളുടെ ജീവൻ**
**കാത്തുരക്ഷിക്കുന്നു.”**



*ബാറൂക്ക് 6:7*

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ

### AUGUST 2019

| Date | Day | Time | Description |
| --- | --- | --- | --- |
| 1. | Thu | Morning | Marymatha – Class |
| | | Evening | For Priests and Religious |
| 2. | Fri | Morning | Amballur - Mass<br>Curia Meeting<br>Marymatha – Class |
| | | Evening | Visitors Time |
| 3. | Sat | Morning | Chittissery- Jubilee Mass |
| | | Evening | Peramangalam - Baptism |
| 4. | Sun | | Vianney Day |
| 5. | Mon | | KCBC |
| 6. | Tue | | KCBC |
| 7. | Wed | | KCBC |
| 8. | Thu | | KCBC |
| 9. | Fri | | KCBC |
| 10 | Sat | Morning | MEPC Seminar |
| | | Evening | Varadiyam - Pastoral Visit |
| 11 | Sun | | Varadiyam - Pastoral Visit |
| 12 | Mon | Morning | Varadiyam - Pastoral Visit |
| | | Evening | Catholica sabha - Editorial Meeting<br>JMMC Trust Meeting |
| 13 | Tue | Morning | Curia Meeting<br>Marymatha – Class |

| | | | |
|---|---|---|---|
| 14 | Wed | Morning | Marymatha – Mass, Class |
| | | | Engaged |
| 15 | Thu | Morning | DBCLC - Catechism Merit Day |
| 16 | Fri | Morning | Curia Meeting |
| | | | Marymatha – Class |
| | | Evening | Visitors Time |
| 17 | Sat | Morning | Minor Seminary – Mass |
| | | | Engaged |
| 18 | Sun | Morning | Mundathikode - Meeting |
| 19-30 | | | Synod |
| 31 | Sat | Afternoon | Archdiocesan Media Award Day Program |



**“നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു.”**

*സങ്കീർത്തനം 119: 105*



# നാളാഗമം

## ജൂൺ 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിക്കുകയും അധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 'സേവ് തൃശ്ശൂർ' പദ്ധതിയുടെ ഭാഗമായി മണലൂരിൽ പണികഴിച്ച ആദ്യഭവനം വെഞ്ചരിച്ചു നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വേലൂരിൽ വി. ബലിയർപ്പിക്കുകയും പുതിയ സ്കൂൾ വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് ഡി.ബി.സി.എൽ.സി. യിൽ നടന്ന സി.ആർ.ഐ. മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് എക്സെൽ അക്കാദമി മെറിറ്റ് ഡേയിലും പ്രതിനിധിയോഗാംഗ ങ്ങളുടെ പരിശീലന ചർച്ചയിലും പങ്കെടുത്തു. വൈകുന്നേരം വലക്കാവിലെ താളിക്കുണ്ട് കപ്പേളയുടെ ആശീർവാദകർമ്മം നിർവഹിച്ചു.

2 അഭിവന്ദ്യ താഴത്ത് പിതാവ് തണ്ടിലം ഇടവകയിൽ വി. ബലിയർപ്പിച്ച് ഗ്രോട്ടോ, കൊടിമരം എന്നിവ വെഞ്ചിരിക്കുകയും മതബോധന വർഷ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് വെള്ളാറ്റഞ്ഞൂർ, തലക്കോട്ടുകര, എരനെല്ലൂർ, മുണ്ടൂർ,

അമല നഗർ ഇടവകകളിൽ സന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് ചേലക്കര പദയാത്രയോടനുബന്ധിച്ച് മുള്ളൂർക്കരയിൽ ഉച്ചക്ക് വി. ബലിയർപ്പിച്ചു. വൈകുന്നേരം സെന്റ് തോമസ് കോളേജിലെ പുതിയ സ്റ്റാഫിനായുള്ള ഓറിയന്റേഷൻ പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ ആന്റണി ചിറയത്ത് പിതാവിന്റെ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

3. അഭിവന്ദ്യ പിതാക്കന്മാർ ആലോചനസമിതിയോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകുന്നേരം വിദ്യാഭ്യാസത്തെ സംബന്ധിച്ച് കളക്ടറേറ്റ് ധർണ്ണയിൽ പങ്കെടുത്തു.

4–6 അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി.യിൽ പങ്കെടുക്കാൻ പോയി.

6. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവല്ല രൂപതയുടെ മുൻ അധ്യക്ഷൻ ഗീവർഗ്ഗീസ് മാർ തിമോത്തിയോസിന്റെ നിര്യാണത്തിൽ തൃശ്ശൂർ അതിരൂപതയുടെ അനുശോചനം രേഖപ്പെടുത്തി പ്രാർത്ഥിച്ചു.

7. അഭിവന്ദ്യ താഴത്ത് പിതാവ് ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ കോഴ്സിൽ പങ്കെടുക്കുന്നവർക്കായി വി. ബലിയർപ്പിച്ചു. പെരിഞ്ചേരിയിൽ തിരുനാൾ കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് ഫൊറോനവികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.

8. അഭിവന്ദ്യ പിതാക്കന്മാർ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സ്–കർമ്മസേന മീറ്റിംഗിൽ സന്ദേശം നൽകി. വൈകിട്ട് മണലാടി ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഹാൾ വെഞ്ചരിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് വാ. മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരിയിൽ വി. ബലിയർപ്പിച്ചു.

9. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ ഗ്വാളിയോർ രൂപതയുടെ നിയുക്ത മെത്രാൻ മോൺ. ജോസഫ് തൈക്കാട്ടിലിന് സ്വീകരണം നൽകി. തുടർന്ന് ചുവന്നമണ്ണ്, വാണിയമ്പാറ ഇടവകകളിൽ സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് രാമനാഥപുരം രൂപതയുടെ ബിഷപ്സ് ഹൗസ് വെഞ്ചരിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചൂണ്ടലിൽ വി. ബലിയർപ്പിക്കുകയും ഗ്രോട്ടോ വെഞ്ചരിക്കുകയും

ചെയ്തു. പന്തക്കുസ്താ കൺവെൻഷനോടനുബന്ധിച്ച് ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം വരവൂരിൽ ഊട്ടുതിരുനാളിന് മുഖ്യകാർമ്മികത്വം വഹിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് ചങ്ങനാശ്ശേരിയിൽ നടന്ന ഇന്റർ ചർച്ച് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. സംസ്ഥാനസമിതി സംഘടിപ്പിച്ച K2K സമാധാനയാത്ര പുത്തൻപള്ളിയിലെത്തിയപ്പോൾ അവർക്ക് ആശംസകളർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മർത്ത കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിലെ സായാഹ്ന ഒ.പി. ഉദ്ഘാടനം ചെയ്തു. വൈകുന്നേരം പറോക്കിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു; അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. രാമവർമ്മപുരത്ത് പുതുതായി ആരംഭിച്ച ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടെ വെഞ്ചരിപ്പും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ തിരുഹൃദയ ലത്തീൻപള്ളിയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഫാ. ജിക്സൺ മാളോക്കാരന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ജൂബിലി മിഷൻ ആശുപത്രിയിലെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
12. അഭിവന്ദ്യ ടോണി പിതാവ് കൊട്ടേക്കാട് കോൺവെന്റിൽ വി. ബലിയർപ്പിച്ചു.
13. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുണ്ടൂരിൽ വി. ബലിയർപ്പിച്ചു. ആർച്ച്ബിഷപ്സ് ഹൗസിൽ നാമഹേതുക തിരുനാൾ ആഘോഷിച്ചു. വൈകുന്നേരം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ സി.സി.ഡബ്ല്യു.ഐ. യുടെ മീറ്റിംഗിൽ പങ്കെടുത്തു.
14. അഭിവന്ദ്യ ടോണി പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ചെമ്പുക്കാവ് ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂളിലെ മെറിറ്റ് ഡേയിൽ പങ്കെടുത്തു.
15. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് കണ്ടശ്ശാംകടവിലെ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് സംഘടന ഏകോപനസമിതി യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം മുക്കാട്ടുകര ഇടവകയിൽ പാസ്റ്ററൽ വിസിറ്റിനായി പോയി.

16. അഭിവന്ദ്യ ടോണി പിതാവ് മുക്കാട്ടുകര ഇടവകയിൽ ഇടയസന്ദർശനം നടത്തി.
17. അഭിവന്ദ്യ ടോണി പിതാവ് ഇടയസന്ദർശനത്തിന്റെ ഭാഗമായി രോഗീസന്ദർശനം നടത്തി.
18. അഭിവന്ദ്യ ടോണി പിതാവ് പ്രതിനിധി യോഗാംഗങ്ങൾക്കുള്ള ക്ലാസ്സിന്റെ ചർച്ചയിൽ പങ്കെടുത്തു.
19. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.
20. അഭിവന്ദ്യ ടോണി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.
21. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന കെ.സി. എസ്.എൽ. മെറിറ്റ് ഡേയിൽ പങ്കെടുത്തു.
22. അഭിവന്ദ്യ ടോണി പിതാവ് പുല്ലഴിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് എറവ് സ്കൂളിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. 2019–20 വർഷത്തെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം ഇടയസന്ദർശനത്തിനായി ചേലക്കരയിലേക്ക് പോയി.
23. അഭിവന്ദ്യ ടോണി പിതാവ് ചേലക്കരയിൽ ഇടയസന്ദർശനം നടത്തി.
24. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകരയിൽ സി. ഗൊരേത്തി സി.എച്ച്. എഫ്.ന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഇടയസന്ദർശനത്തിന്റെ ഭാഗമായി ചേലക്കരയിൽ രോഗീസന്ദർശനം നടത്തി. ഉച്ചക്ക് സെന്റ് പോൾ ഗുരുകുലം സന്ദർശിക്കുകയും ബ്രദേഴ്സുമായി സംവദിക്കുകയും ചെയ്തു.
25. അഭിവന്ദ്യ പിതാക്കന്മാർ മീഡിയ കമ്മീഷന്റെ യോഗത്തിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി. യിൽ നടന്ന കൺകറന്റ് ഓഡിറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറവട്ടാനിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത സെമിനാരിയിൽ ക്ലാസ്സെടുത്തു. ഇന്റേണൽ ഓഡിറ്റേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
27. അഭിവന്ദ്യ താഴത്ത് പിതാവ് ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ യോഗത്തിലും പാലയൂർ തീർത്ഥാടനം സമാപന യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ

ടോണി പിതാവ് ദേവമാതയിൽ വി. ബലിയർപ്പിച്ചു. വേലൂപ്പാടത്ത് ഫാ. ബിനോയ് എസ്.ഡി.വി.യുടെ പിതാവിന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പാസ്റ്ററൽ ഗൈഡിന്റെ ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം കുണ്ടന്നൂർ ഉർസുലൈൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. സി. ലിയോണിയുടെ മൃതസംസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ആർച്ച്ബിഷപ്സ് ഹൗസിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സേക്രഡ് ഹാർട്ട് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പാക്ടിന്റെ ഫൊറോന കൺവീനേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മേഴ്സി ഹോമിലെ നവീകരിച്ച ചാപ്പലിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ കോൺവൊക്കേഷനിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.


29. അഭിവന്ദ്യ താഴത്ത് പിതാവ് പറപ്പൂരിൽ അപ്പസ്തോലിക് കാർമ്മൽ സുപ്പീരിയർ ജനറൽ സി. മേരി സുശീലയുടെ സുവർണ്ണ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ നടന്ന ജീസസ്സ് യൂത്ത് കമ്മിറ്റ്മെന്റ് കോഴ്സിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തി സി.എച്ച്.എഫ്. ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പറോക്കിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഇടയസന്ദർശനത്തിനായി മരത്താക്കര ഇടവകയിലേക്കു പോയി.

30. അഭിവന്ദ്യ താഴത്ത് പിതാവ് പൊറത്തൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് മരത്താക്കര ഇടവകയിൽ ഇടയസന്ദർശനം നടത്തി.

**"കർത്താവു നിന്നെ**
**അനുഗ്രഹിക്കുകയും**
**പരിപാലിക്കുകയും ചെയ്യട്ടെ."**

*സംഖ്യ 6:25*





## നാമകരണ നടപടികൾ

### ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

ജൂലൈ 5ന് വെള്ളിയാഴ്ച വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത് ഫാ. സജീവ് ഇമ്മട്ടിയാണ്. വിശ്വാസജീവിതത്തെപറ്റി അച്ചൻ വചനവ്യാഖ്യാനത്തിലൂടെ പങ്കുവച്ചു. വിശ്വസിക്കുന്നില്ലെങ്കിൽ നിനക്ക് സുസ്ഥിതി ലഭിക്കുകയില്ല. വിശ്വസിക്കുന്നവരുടെ സമൂഹമാണ് തിരുസഭ. സഭയുടെ ഉള്ളടക്കം തന്നെ വിശ്വാസമാണ്. വിശ്വാസത്തിൽ ആഴപ്പെട്ട എന്നതിനെ കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ ഇറക്കിയ ചാക്രികലേഖനത്തിൽ വിശ്വാസത്തിൽ നിലനില്ക്കേണ്ടതിന്റെ ആവശ്യകതയും തന്മൂലമുള്ള കൃപകളെയും കുറിച്ച് പറയുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്നും നിലവിളിക്ക് ഉത്തരം നൽകുന്നവനാണ് അവിടുന്ന് എന്നും ബഹു. അച്ചൻ ഉദ്ബോധിപ്പിച്ചു. നമ്മെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്വർഗ്ഗത്തിലെ നല്ല പിതാവാണ് ദൈവം. കർത്താവായ യേശുവിൽ വിശ്വസിക്കുകയും അതുമൂലം നമ്മുടെ കുടുംബം രക്ഷപ്രാപിക്കുകയും ചെയ്യുന്നവൻ ആണ് നമ്മുടെ ദൈവം. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. അതിനായി ദൈവദാസൻ തച്ചുപറമ്പിലച്ചന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം. രോഗീശുശ്രൂഷയിലും ആരാധനയിലും ഊട്ടുനേർച്ചയിലും അനേകം പേർ പങ്കെടുത്ത ദൈവാനുഗ്രഹം നേടി.




## നാമകരണനടപടികൾ

## ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനിയാചരണം**

രണ്ടാം ശനിയാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് ജൂൺ 8–ാം തിയ്യതി ഇടവകസമൂഹം ജപമാലചൊല്ലി പ്രാർത്ഥിച്ചു. ദിവ്യബലിയ്ക്കും ആരാധനയ്ക്കും നേതൃത്വം വഹിച്ചത് അഞ്ഞൂർ പള്ളി വികാരി ഫാ. ജോബ് വടക്കൻ ആണ്. ഒരു വൈദികന് എന്തൊക്കെ ചെയ്യാനാകും എന്നറിയുന്നതിന് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ പഠിച്ചാൽ മതിയാകും. കർമധീരനായ അജപാലകൻ, തീക്ഷണത നിറഞ്ഞ മിഷനറി, കൃപകൾ ജനങ്ങളിലെത്തിച്ച മധ്യവർത്തി, എന്നിങ്ങനെ ആയിരുന്ന ഇടങ്ങളിലെല്ലാം ദൈവജനത്തിനുവേണ്ടി ആത്മാർത്ഥമായും വിശ്വസ്തതയോടെയും പ്രവർത്തിച്ചു. അജപാലന, രാഷ്ട്രീയ, സാമൂഹ്യ, വിദ്യാഭ്യാസ മേഖലകളെയെല്ലാം സ്നേഹം കൊണ്ട് വീർപ്പുമുട്ടിച്ച് ക്രിസ്തുവിനെ പ്രഘോഷിച്ചു. ദുരിതമനുഭവിക്കുന്ന ജനത്തിന്റെ പ്രശ്നങ്ങൾ അദ്ദേഹം ധ്യാനിച്ചു. ദിവ്യകാരുണ്യസന്നിധിയിൽ ദീർഘസമയം പ്രാർത്ഥിച്ചു. പ്രശ്നപരിഹാരത്തിനായി അക്ഷീണം പ്രയത്നിച്ചു.സർക്കാർ ഓഫീസുകൾ കയറിയിറങ്ങി. അങ്ങേയ്ക്കു വേണ്ടി ഓടുവാൻ എന്റെ കാലുകളെയും അങ്ങേയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ എന്റെ കൈകളെയും ശക്തിപ്പെടുത്തണെ എന്നാണ് ദിവ്യകാരുണ്യസന്നിധിയിൽ അദ്ദേഹത്തിന്റെ പ്രാർത്ഥന. ദൈവമഹത്വമായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ജനങ്ങളെ ചേർത്തുപിടിച്ച് കുടുംബസന്ദർശനത്തിലൂടെ ഉദ്ധരിച്ചെടുത്ത വലിയൊരു മിഷനറിയാണ്, ത്യാഗത്തിന്റെ ഉദാത്തമാതൃകയും നീതിയുടെ


ശബ്ദവുമായി മാറിയ ബഹുമുഖപ്രതിഭയുമാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ.

അപരനെപ്പറ്റി ഒരു ചിന്ത മനസ്സിൽ സൂക്ഷിക്കുവാൻ, എനിക്ക് എന്തുകിട്ടും എന്ന സ്വാർത്ഥചിന്ത വെടിഞ്ഞ് ലോകത്തിന് എന്ത് കൊടുക്കാനാകും എന്ന് ചിന്തിക്കുവാൻ ന്യൂജെനറേഷനോട് ഊക്കനച്ചന്റെ ജീവിതം വിളിച്ചോതുന്നു. മാതാപിതാക്കൾ ഇപ്രകാരം മക്കളെ വളർത്തണമെന്നും ഈ ജീവിതം ഓർമ്മിപ്പിക്കുന്നു. ദിവ്യബലിയിലും ആരാധനയിലും അനേകം പേർ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി. തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും ചൊവ്വന്നൂർ പള്ളിവികാരി ഫാ. അനീഷ് നെല്ലിക്കൽ നന്ദിയർപ്പിച്ചു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**"അങ്ങ് എന്റെ ദീപം കൊളുത്തുന്നു. എന്റെ ദൈവമായ കർത്താവ് എന്റെ അന്ധകാരം അകറ്റുന്നു."**

*സങ്കീർത്തനം 18:28*





# സാമ്പത്തിക കാര്യാലയം

സെപ്തംബർ 17–ാം തിയതി മുതലാണ് സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്. തെരട്ട് കൊണ്ടുവരേണ്ട തിയതികൾ താഴെ കൊടുത്തിട്ടുണ്ട്:

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 17 | 10.00 am |
| 2. SLMI, ലിലിയൻ ഫോണ്ടസ് | സെപ്തംബർ 17 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 17 | 11.00 am |
| 4. SSJW | സെപ്തംബർ 17 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 17 | 12.00 noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 17 | 12.00 noon |
| 7. കുടുംബകൂട്ടായ്മ | സെപ്തംബർ 18 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 18 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 18 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 18 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 18 | 12.00 noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 19 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 19 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 19 | 11.00 am |
| 15. JMC of B.Sc. Nursing | സെപ്തംബർ 19 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 19 | 12.00 noon |
| 17. മാതൃസംഘം | സെപ്തംബർ 19 | 12.00 noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 20 | 10.00 am |
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 20 | 10.00 am |
| 20. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | സെപ്തംബർ 20 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ. | സെപ്തംബർ 20 | 11.00 am |
| 22. ഐ.ടി.ഐ. അളഗപ്പനഗർ | സെപ്തംബർ 20 | 11.00 am |
| 23. സ്പിരിചൽ ആനിമേഷൻ സെന്റർ | സെപ്തംബർ 20 | 12.00 noon |

| | | | |
|---|---|---|---|
| 24. | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | സെപ്തംബർ 23 | 10.00 am |
| 25. | മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 23 | 12.00 noon |
| 26. | ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 23 | 11.00 am |
| 27. | മാർ കുണ്ടുകുളം ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 23 | 11.00 am |
| 28. | കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 23 | 12.00 noon |
| 29. | സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 23 | 12.00 noon |
| 30. | PAROC | സെപ്തംബർ 23 | 12.00 noon |
| 31. | കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 24 | 10.00 am |
| 32. | കേറ്റിക്കിസം | സെപ്തംബർ 24 | 10.00 am |
| 33. | കേറ്റിക്കിസം– ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 24 | 11.00 am |
| 34. | കേറ്റിക്കിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 24 | 11.00 am |
| 35. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 24 | 12.00 noon |
| 36. | ഡി.ബി.സി.എൽ.സി. | സെപ്തംബർ 24 | 12.00 noon |
| 37. | ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 24 | 12.00 noon |
| 38. | കത്തോലിക്ക കോൺഗ്രസ് | സെപ്തംബർ 25 | 10.00 am |
| 39. | കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 25 | 10.00 am |
| 40. | കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 25 | 11.00 am |
| 41. | സി.എൽ.സി | സെപ്തംബർ 25 | 11.00 am |
| 42. | അൾത്താര സംഘം | സെപ്തംബർ 25 | 11.00 am |
| 43. | കെ.സി.വൈ.എം | സെപ്തംബർ 25 | 12.00 noon |
| 44. | ലേ ലീഡർഷിപ്പ് | സെപ്തംബർ 25 | 12.00 noon |
| 45. | ലിജീയൻ ഓഫ് മേരി | സെപ്തംബർ 26 | 10.00 am |
| 46. | സോഷ്യൽ ആക്ഷൻ | സെപ്തംബർ 26 | 10.00 am |
| 47. | സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 26 | 11.00 am |
| 48. | സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 26 | 11.00 am |
| 49. | സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 26 | 12.00 noon |
| 50. | സ്ലം സർവീസ് | സെപ്തംബർ 26 | 12.00 noon |
| 51. | മഹാജൂബിലി ട്രെയിനിംഗ് കോളേജ് | സെപ്തംബർ 27 | 10.00 am |
| 52. | റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര | സെപ്തംബർ 27 | 10.00 am |
| 53. | ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | സെപ്തംബർ 27 | 11.00 am |
| 54. | സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 27 | 11.00 am |
| 55. | സെന്റ് ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 27 | 11.00 am |
| 56. | സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 27 | 12.00 noon |
| 57. | ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 27 | 12.00 noon |
| 58. | ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | സെപ്തംബർ 30 | 10.00 am |
| 59. | നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 30 | 10.00 am |
| 60. | സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 30 | 11.00 am |

| | | | |
|---|---|---|---|
| 61. | പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 30 | 11.00 am |
| 62. | മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് &റിഹാബിലിറ്റേഷൻ സെന്റർ | സെപ്തംബർ 30 | 11.00 am |
| 63. | പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 30 | 12.00 noon |
| 64 | ടിംഹാൻസ്, പെരിങ്ങണ്ടൂർ | സെപ്തംബർ 30 | 12.00 noon |
| 65. | കലാസദൻ | ഒക്ടോബർ 1 | 12.00 noon |
| 66. | കാത്തലിക് നേഴ്സസ് ഗിൽഡ് | ഒക്ടോബർ 1 | 10.00 am |
| 67. | കാത്തലിക് സെന്റർ | ഒക്ടോബർ 1 | 10.00 am |
| 68. | പാസ്റ്ററൽ സെന്റർ | ഒക്ടോബർ 1 | 11.00 am |
| 69. | സാവിയോ ഹോം, മനക്കൊടി | ഒക്ടോബർ 1 | 11.00 am |
| 70. | പബ്ലിക് റിലേഷൻസ്&ഡയോമീഡിയ | ഒക്ടോബർ 1 | 12.00 noon |
| 71. | എക്സൽ അക്കാദമി | ഒക്ടോബർ 1 | 12.00 noon |
| 72. | എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 2 | 10.00 am |
| 73 | എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | ഒക്ടോബർ 2 | 10.00 am |
| 74 | സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 2 | 11.00 am |
| 75. | ടി.ടി.ഐ., കുരിയച്ചിറ | ഒക്ടോബർ 2 | 11.00 am |
| 76. | ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | ഒക്ടോബർ 2 | 12.00 noon |
| 77. | മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ്) | ഒക്ടോബർ 2 | 12.00 noon |
| 78. | കരിസ്മാറ്റിക് മൂവ്മെന്റ് | ഒക്ടോബർ 3 | 10.00 am |
| 79. | ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ | ഒക്ടോബർ 3 | 10.00 am |
| 80. | പഴുവിൽ ധ്യാനകേന്ദ്രം | ഒക്ടോബർ 3 | 11.00 am |
| 81. | ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | ഒക്ടോബർ 3 | 11.00 am |
| 82. | സെന്റ് ജോർജ്ജ് ഹോസ്റ്റൽ | ഒക്ടോബർ 3 | 11.00 am |
| 83. | സെന്റ് തോമസ് ഹോസ്റ്റൽ | ഒക്ടോബർ 3 | 12.00 noon |
| 84. | സെന്റ് തോമസ് കോളേജ് | ഒക്ടോബർ 4 | 10.00 am |
| 85. | സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ | ഒക്ടോബർ 4 | 10.00 am |
| 86. | പ്രീസ്റ്റ് വെൽഫയർ ഫണ്ട് | ഒക്ടോബർ 4 | 10.00 am |

**2. സീറോ മലബാർ സഭാദിനം**

സിറോ മലബാർ സഭാദിനത്തിൽ(ജൂലൈ 3ന്) വി. കുർബ്ബന മധ്യേ യെടുത്ത പ്രത്യേക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏൽപ്പിക്കുവാൻ 2018 ജൂലൈ മാസത്തെ അതിരൂപത ബുളറ്റിനിൽ

പറഞ്ഞിരുന്നു. ഇനിയും ഈ തുക അടക്കാത്ത പള്ളികൾ എത്രയും വേഗം അടക്കേണ്ടതാണ്.

**3. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. പുതുരുത്തി – 5000

**4. അതിരൂപത സഹായ ഫണ്ട്**

1. വിവാഹം – 45000
2. ചികിത്സ – 2205040
3. ഭവനനിർമ്മാണം – 100000

**5. ഇന്റേണൽ & കൺകറന്റ് ഓഡിറ്റേഴ്സ് മീറ്റിംഗ് 26/06/2019**

ഇന്റേണൽ ഓഡിറ്റേഴ്സ് & കൺകറന്റ് ഓഡിറ്റേഴ്സിന്റെ ഒരു സംയുക്ത മീറ്റിംഗ് 26/6/2019 ബുധനാഴ്ച്ച രാവിലെ 10.30 ന് ഡി.ബി.സി.എൽ.സി. ഹാളിൽ വച്ച് കൂടുകയുണ്ടായി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, വികാരി ജനറൽമാരായ മോൺ. തോമസ് കാക്കശേരി, മോൺ. ജോസ് വല്ലൂരാൻ, ടി. കെ. അന്തോണികുട്ടി, ഓഡിറ്റേഴ്സ് എന്നീ ടീം അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പ്രൊക്യുറേറ്റർ ഫാ. ജോയ് മൂക്കൻ സ്വാഗതവും, അസി. പ്രൊക്യുറേറ്റർ ഫാ. ഡിറ്റോ കൂള നന്ദിയും പറഞ്ഞു. ഓഡിറ്റർ ശ്രീ ജോസഫ് കാങ്കപ്പാടൻ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകി. കൂടാതെ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളും ചർച്ചചെയ്തു. മീറ്റിംഗ് പ്രാർത്ഥനയോടെ അവസാനിച്ചു.

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 21 |
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ജോൺസൻ ഊക്കൻ | 29 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26–08–1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17–08–1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15–08–1917 |
| മോൺ. ജോൺ പാലോക്കാരൻ | 19–08–1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15–08–1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17–08–1954 |
| ഫാ. ജേക്കബ് പനക്കൽ | 04–08–1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07–08–1955 |
| ഫാ. ജോർജ്ജ് പാനികുളം | 14–08–1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21–08–1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03–08–1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27–08–1968 |
| ഫാ. ജോസഫ് തറയിൽ | 11–08–1969 |
| ഫാ. ജേക്കബ് ആളൂർ | 11–08–1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25–08–1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26–08–1978 |
| ഫാ. ജോസഫ് പുളിക്കൻ | 09–08–1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12–08–1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30–08–1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08–08–2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13–08–2005 |
| ഫാ. പോൾ അരിക്കാട്ട് | 16–08–2005 |
| ഫാ. ആന്റണി പൊറത്തൂർ | 04–08–2007 |
| ഫാ. ബാബു ചേലപ്പാടൻ | 12–08–2017 |



## ■ സന്യസ്തർ

### സി. ആർ. ഐ. വാർത്തകൾ – ജൂൺ 2019

**സി.എം.സി.**

അദ്ധ്യാപന രംഗത്തുള്ള സിസ്റ്റേഴ്സിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന ഒരു ദിവസത്തെ സെമിനാറിൽ 130 സിസ്റ്റേഴ്സ് പങ്കെടുത്തു. കോളേജ് സ്റ്റാഫിനായി രണ്ട് ദിവസത്തെ സെമിനാർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തി. 3, 4 തിയ്യതികളിലായി എറണാകുളത്തു വച്ചു നടന്ന KCBC, KCMS Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ പങ്കെടുത്തു. നിർമ്മല സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ മഠങ്ങളേയും പ്രതിനിധീകരിച്ച്, സുപ്പീരിയേഴ്സിന് വൃക്ഷത്തൈ നല്കികൊണ്ട് പരിസ്ഥിതിദിനം ഉദ്ഘാടനം ചെയ്തു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ആഘോഷമായ 13 മണിക്കൂർ ആരാധന നടത്തി. 29ന് കോതമംഗലം രാമല്ലൂരിൽ വച്ചുനടന്ന 6 ദിവസത്തെ റൂബി ജൂബിലി കോഴ്സിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ ഉൾപ്പടെ 7 പേർ പങ്കെടുത്തു.

**എഫ്.സി.സി.**

ജൂൺ 3, 4 തീയതികളിൽ പാലാരിവട്ടം കെ.സി.എം.എസ്.ന്റെ നേതൃത്വത്തിൽ ചുണങ്ങംവേലി നിവേദിതയിൽ വച്ച് നടന്ന KCMS General body മീറ്റിംഗിലും പി.ഒ.സി. യിൽ വച്ച് നടന്ന KCBC & KCMS Joint Meet ലും അസ്സി. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജ്യോതി ഫ്രാൻസിസ് സംബന്ധിച്ചു. ജൂൺ 16–ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2 pm മുതൽ 4 pm വരെ നടന്ന മീറ്റിംഗിൽ Aided & Unaided വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ, നേഴ്സറി സ്കൂളിന്റെ ചാർജ്ജ് വഹി

ക്കുന്നവർ, ഹോസ്റ്റൽ, ബോർഡിംഗ് എന്നിവ നടത്തുന്ന ഭവനങ്ങളിലെ ലോക്കൽ സുപ്പീരിയേഴ്സ്, ഹോസ്റ്റൽ വാർഡന്മാർ, ബോർഡിംഗ് മിസ്ട്ര സ്സുമാർ എന്നിവർ സംബന്ധിച്ചു. ജൂൺ 22–ാം തീയതി നടത്തറ കെസ്സ് സെന്ററിൽ നടന്ന കെസ്സ് കാർഷികമേള – 2019 –ൽ വച്ച് മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത *Environment friendly sister* അവാർഡും സി. ബസീല, സി. മേരി ഫ്രാൻസീസ്, സി. മേരി ഡാഫ്നി, സി. ഫ്ളവർലിറ്റ് എന്നിവർ ജൈവസംസ്കൃതി അവാർഡും ഏറ്റുവാങ്ങി. ജൂൺ 22–ാം തീയതി പാലാരിവട്ടം പി. ഒ.സി. യിൽ വച്ച് നടന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലികാഹ്വാനം *Christus vivit* പ്രബോധന രേഖയുടെ പ്രകാശനകർമ്മത്തിലും ഏകദിനപഠന ശിബിരത്തിലും 4 സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂൺ 28–ാം തീയതി കണ്ണാറ ക്ലെയർ ജ്യോതി കോൺവെന്റിനോടു ചേർന്ന് ക്ലെയർജ്യോതി ഹോമിയോ ക്ലിനിക്കിന്റെ വെഞ്ചരിപ്പുകർമ്മം നടത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജൂൺ 30 മുതൽ ജൂലായ് 6 വരെ ജനറൽ തലത്തിൽ ഈ വർഷം റിട്ടയർ ചെയ്തവർക്കുവേണ്ടി മുട്ടുച്ചിറയിൽ വച്ച് നടത്തിയ ധ്യാനത്തിൽ 8 സിസ്റ്റേഴ്സ് സംബന്ധിച്ചു.

### സി.എച്ച്.എഫ്.

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് നവ ജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 9 ദിവസത്തെ നൊവേന നടത്തി. ഇടവക ജനങ്ങളും സിസ്റ്റേഴ്സും പങ്കെടുത്ത നൊവേന ദിവസങ്ങളിൽ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ജീവിതത്തിലെ വീരോചിതമായ പുണ്യങ്ങളെ കുറിച്ച് പ്രചോദനാത്മകമായ വിധത്തിൽ സിസ്റ്റേഴ്സ് സന്ദേശം നൽകി. ജൂൺ 8 ന് വിവിധ ഇടവകകളിൽ നിന്ന് ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ജനങ്ങൾ കുഴിക്കാട്ടുശ്ശേരി, പുത്തൻചിറ കബറിട ദേവാലയത്തിലേക്കും മറിയം ത്രേസ്യാമ്മയുടെ ജന്മഗൃഹത്തിലേക്കും തീർത്ഥയാത്ര നടത്തി. ജൂൺ 9 ന് ഒളരിക്കര ലിറ്റിൽ ഫ്ളവർ ഇടവക ദേവാലയത്തിൽ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ യുടെ തിരുനാൾ കുർബാനയും നൊവേനയും നേർച്ചവിതരണവും നട ത്തി. തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. നവജ്യോതി പ്രോവിൻസിൽ നിന്നും അടാട്ട് ഇടവകയിൽ ഭവ നരഹിതരായ രണ്ട് കുടുംബങ്ങൾക്ക് വീടുനിർമ്മിച്ചു നൽകിയതിന്റെ വെഞ്ചിരിപ്പു കർമ്മം നടത്തി.

### എസ്.എ.ബി.എസ്.

ചങ്ങനാശ്ശേരി മെത്രാപ്പൊലീത്തൻ ദൈവാലയത്തിൽ, ജൂൺ ഒന്നിന്

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 94–ാം ചരമ വാർഷിക ദിനാചരണ കർമ്മങ്ങളിൽ സിസ്റ്റഴ്സ് സംബന്ധിച്ചു. അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി മെയ് 4ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. 20ന് ദിവ്യകാരുണ്യത്തിരുനാൾ – Congregation Day എല്ലാ മഠങ്ങളിലും സമുചിതമായി ആഘോഷിച്ചു. ദിവ്യബലി മധ്യേ സിസ്റ്റേഴ്സ് വ്രത നവീകരണം നടത്തി. നെന്മണിക്കര എം. കെ. എം. സി. യു. പി. സ്കൂളിന്റെ വജ്രജൂബിലി ആഘോഷം ജൂൺ 23ന് ഉദ്ഘാടനം ചെയ്തു. 29ന് വി. പത്രോസ് , വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ സീനിയേഴ്സ് ഡേ ആയി ആഘോഷിച്ചു.

**സി. എസ്.എസ്.**

ജൂൺ 3ന് ആലുവ നിവേദിതയിൽവെച്ച് നടന്ന മേജർ സുപ്പീരിയേഴ്സ് മീറ്റിൽ ബഹു. ജനറാളമ്മയും പ്രൊവിൻഷ്യാളമ്മയും പങ്കെടുത്തു. മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 15.06.2019 ന് നടത്തിയ പ്ലീനറി മീറ്റിംഗിൽ 17 പ്രൊവിൻഷ്യൽ പ്ലീനറി അംഗങ്ങൾ പങ്കെടുത്തു. പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് 9ന് ഹോളിസ്പിരിറ്റ് ജനറലേറ്റിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ വെല്ലാച്ചിക്കുളം സാന്ത്വന എയ്ഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ വാർഷികാഘോഷപരിപാടികളിൽ പങ്കെടുത്ത ബഹു. പ്രൊവിൻഷ്യാളമ്മ സന്നിഹിതരായിരുന്ന എല്ലാ ഗുണകാംഷികൾക്കും ആശംസകളും നന്ദിയും അറിയിച്ചു.

**സി.എസ്.സി.**

2019 ജൂൺ 28, 29, 30 തിയ്യതികളിലായി കോലഴി സി. എസ്. സി. മരിയഭവൻ ജനറലേറ്റിൽ വെച്ച് നടന്ന ലോക്കൽ സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.

## ആദരാഞ്ജലികൾ



സി. എച്ച്. എഫ്. – ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ ബഹു. സി. യൂക്കരിസ്റ്റ ജൂൺ 16–ാം തിയതി നിര്യാതയായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 17/06/2019 ൽ ഒളരിക്കര ഹോളിഫാമിലി മഠം കല്ലറയിൽ സംസ്ക്കാരകർമ്മം നടത്തി.



സി. എച്ച്. എഫ്. – ചെമ്പൂക്കാവ് മഡോണ ഭവനാംഗമായ റവ. സി. മരിയ ഗൊരേത്തി ജൂൺ 23 –ാം തിയതി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 24/06/2019 ന് മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റിൽ സംസ്ക്കാര കർമ്മം നടത്തി.



സി. എച്ച്. എഫ്. – ചെമ്പൂക്കാവ് മഡോണ ഭവനാംഗമായ റവ. സി. മരിയ ഗൊരേത്തി ജൂൺ 23 –ാം തിയതി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 24/06/2019 ന് മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റിൽ സംസ്ക്കാര കർമ്മം നടത്തി.



സി. എച്ച്. എഫ്. – ചെമ്പൂക്കാവ് മഡോണ ഭവനാംഗമായ റവ. സി. മരിയ ഗൊരേത്തി ജൂൺ 23 –ാം തിയതി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 24/06/2019 ന് മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റിൽ സംസ്ക്കാര കർമ്മം നടത്തി.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

## 2019 ജൂൺ 8നു കൂടിയ 17–ാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാമത് യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപത പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാമത് യോഗം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ 2019 ജൂൺ 8ന് രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ കൂടി. ബഹു. സി. തോമാസിയ സി.എസ്.എസ്. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന്, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതമാശംസിച്ചു. സഭയും വിശ്വാസവും പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രാർത്ഥനയിൽ ഒന്നാകേണ്ടതിന്റെ ആവശ്യകത അഭിവന്ദ്യ ടോണി പിതാവ് അംഗങ്ങളെ ഓർമ്മിപ്പിച്ചു. പിന്നീട് ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ച മുൻസമ്മേളന റിപ്പോർട്ടും അവിഭക്ത തൃശ്ശൂർ രൂപതയുടെ പാസ്റ്ററൽ – പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണ ജൂബിലിയാഘോഷത്തിന്റെ  റിപ്പോർട്ടും യോഗം അംഗീകരിച്ച് അധ്യക്ഷൻ ഒപ്പുവച്ചു.

“മാറുന്ന വിവാഹസങ്കല്പങ്ങളും മരിക്കുന്ന കുടുംബങ്ങളും” എന്ന വിഷയത്തെ അധികരിച്ച്, ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ വിഷയാവതരണം നടത്തി. സുഖഭോഗവാദവും നവമാധ്യമങ്ങളുടെ സ്വാധീനവും വിവാഹേതര ബന്ധങ്ങളും കൂടി വരുന്നതും അണുകുടുംബവ്യവസ്ഥിതി, ദാമ്പത്യബന്ധങ്ങളിലെ ചങ്ങാത്തമില്ലായ്മ, അപകടമായ സ്ത്രീ ശാക്തീകരണം എന്നിവയെല്ലാം വിവാഹത്തെയും കുടുംബത്തെ സംബന്ധിച്ചുള്ള സങ്കല്പങ്ങളിലും സമീപനരീതികളിലും ദോഷകരമായ സ്വാധീനം ചെലുത്തുന്നതും ബഹു. ഡെന്നിയച്ചൻ ചൂണ്ടികാട്ടി. വിവാഹജീവിതത്തിന്റെ സമ്പുഷ്ടിക്ക് അവശ്യം വേണ്ട തുടർപരിശീലനത്തിന്റെ സാധ്യതകൾ അദ്ദേഹം വിശദീകരിച്ചു. തുടർന്ന് ഡോ. മേരി റെജീന മോഡറേറ്ററായി വിഷയാധിഷ്ഠിത ചർച്ച നടന്നു.

ഗാർഹികസഭയായ കുടുംബത്തെ ആത്മീയതയിലും വിശ്വാസത്തിലും വളർത്താൻ എല്ലാ മേഖലയിൽ നിന്നും ഇടപെടലുകൾ അത്യാവശ്യ മാണെന്ന വിലയിരുത്തലോടെ പ്രസ്തുത സെഷൻ അവസാനിച്ചു.

തുടർന്ന് വിവിധ നേട്ടങ്ങൾ കൈവരിച്ച പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ യോഗം അനുമോദിച്ചു. ജില്ലാ ജഡ്ജിയായി നിയമിതനാകാൻ പോകുന്ന അഡ്വ. സി. ജെ. ഡെന്നി, കെ.സി.ബി.സി. യുടെ ഈ വർഷത്തെ മാധ്യമ അവാർഡിന് അർഹനായ ഡോ. കെ. എം. ഫ്രാൻസിസ്, നാഷണൽ സി.എൽ.സി. സൗത്ത് സോൺ പ്രസിഡന്റായി ചുമതലയേറ്റ ശ്രീ. വിനേഷ് കോളേങ്ങാടൻ, സെന്റ് തോമസ് കോളേജിന്റെ വൈസ് പ്രിൻസിപ്പലായി ചുമതലയേറ്റ ഡോ. ജോബി തോമസ് കാക്കശ്ശേരി എന്നിവരെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പൂച്ചെണ്ടുകൾ നൽകി അനുമോദിച്ചു. തുടർന്ന് അഡ്വ. സി.ജെ. ഡെന്നി തനിക്കും മറ്റുള്ളവർക്കും അഭിവന്ദ്യപിതാവും രൂപതയും നൽകിയ അഭിനന്ദനത്തിന് നന്ദി പറഞ്ഞു.

സഭാനേതൃത്വം ജാഗരൂകരാകേണ്ടതിന്റെ ആവശ്യകത, കുടുംബങ്ങൾക്ക് താമസിച്ച് ധ്യാനിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ, വിദ്യാഭ്യാസചട്ട ഭേദഗതികളിലുള്ള ആശങ്ക, പാസ്റ്ററൽ കൗൺസിലിന്റെ സബ്കമ്മറ്റികളും ഫൊറോനകമ്മറ്റികളും നിർജ്ജീവമാകുന്ന അവസ്ഥാവിശേഷം എന്നിവയെ സംബന്ധിച്ചുള്ള ആശയങ്ങൾ ശൂന്യവേളയിൽ പങ്കുവച്ചു. തുടർന്ന് പരമാർശ വിഷയങ്ങളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മറുപടി പറഞ്ഞു. ഒരു മിഷനറി മനോഭാവം രൂപപ്പെടേണ്ടതിന്റെ ആവശ്യകതയും പുതിയ കാലഘട്ടത്തിലെ വിവാഹസങ്കല്പങ്ങളും അഭിവന്ദ്യപിതാവ് അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. വിദ്യാഭ്യാസമേഖലയിലെ ഗുണമേന്മ തകർക്കുന്ന ഹയർസെക്കന്ററി ഏകീകരണനീക്കം, സ്വയംഭരണ കോളേജുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനുള്ള സർക്കാർ നീക്കം എന്നിവയിൽ ആശങ്കയും പ്രതിഷേധവും അറിയിച്ചുകൊണ്ടുള്ള പ്രമേയം യോഗം ഐക്യകണ്ഠേന പാസ്സാക്കി.

തുടർന്ന് ബഹു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അറിയിപ്പുകൾ നൽകി. പാസ്റ്ററൽ – പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണ ജൂബിലിയാഘോഷം മനോഹരമാക്കാൻ യത്നിച്ചവർക്കും അതിരൂപതാദിനത്തിന്റെ സംഘാടകർക്കും നന്ദി പറഞ്ഞു. ജനറാളച്ചൻ, മീഡിയ കത്തോലിക്ക യു ട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ അംഗങ്ങളെ ആഹ്വാനം ചെയ്തു. NIRF റാങ്കിംഗിൽ കേരളത്തിൽ അഞ്ചാമതും കാലിക്കറ്റ് സർവ്വകലാശാലയിൽ ഒന്നാമതുമായ സെന്റ്

തോമസ് കോളേജ്, NAAC & NBA അക്രഡിറ്റേഷൻ കരസ്ഥമാക്കിയ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ആദ്യമായി 100% റിസൽട്ട് കരസ്ഥമാക്കിയ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നീ അതിരൂപതാസ്ഥാപനങ്ങളെ യോഗം അനുമോദിച്ചു. ഡയാലിസിസ് ഫണ്ട് അടുത്ത മീറ്റിംഗിൽ കൊണ്ടുവരാനും കുടുംബകൂട്ടായ്മ-പ്രതിനിധിയോഗം എന്നിവയുടെ തെരഞ്ഞെടുപ്പ് നിയമാവലി പ്രകാരം നടത്താനും മോൺ. കാക്കശ്ശേരി ഓർമ്മിപ്പിച്ചു. പാക്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ പാസ്റ്ററൽ കൗൺസിലിൽ നിന്ന് 20 അംഗ അത്മായ സമിതിയെ തെരഞ്ഞെടുത്തു. തുടർന്ന് പരി. ഫ്രാൻസിസ് പാപ്പയുടെ നിർദ്ദേശമനുസരണം ലോകസമാധാനത്തിനുവേണ്ടിയുള്ള (2018 ജൂൺ 8) പ്രാർത്ഥനയിൽ പാസ്റ്ററൽ കൗൺസിലംഗങ്ങൾ പങ്കുചേർന്നു. സെക്രട്ടറി ഡോ. മേരി റെജീന നന്ദി പറഞ്ഞ് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി





# പാലയൂർ തീർഥകേന്ദ്രം

## പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രം

### 1. ദുക്റാന ഊട്ടിന് പതിനായിരങ്ങൾ

പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രത്തിൽ മാർതോമാശ്ലീഹായുടെ ദുക്റാന ഊട്ടുതിരുനാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. രാവിലെ 9.15 ന് ചിന്നമലയിൽ നിന്നാരംഭിച്ച പ്രദക്ഷിണം തീർത്ഥകേന്ദ്രത്തിൽ എത്തിച്ചേരുകയും തർപ്പണതിരുന്നാൾ കൊടികയറ്റത്തിനും നേർച്ച ഊട്ട് ആശീർവ്വാദത്തിനും ആഘോഷമായ ദിവ്യബലിക്കും തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ മുതൽതന്നെ തിരുകർമ്മങ്ങളിൽ പങ്കെടുത്ത് നേർച്ച ഊട്ടിന് വിശ്വാസികൾ എത്തി തുടങ്ങിയിരുന്നു. വൈകീട്ട് ആറുമണിവരെ നൽകിയ നേർച്ച ഊട്ടിൽ പതിനായിരങ്ങൾ പങ്കെടുത്തു. മാർതോമാശ്ലീഹായെ വണങ്ങാനും തിരുശേഷിപ്പ് മുത്താനും സൗകര്യമൊരുക്കിയിരുന്നു. ഉച്ചതിരിഞ്ഞ് 3 മണിക്ക് മാർത്തോമാശ്ലീഹ അത്ഭുതം പ്രവർത്തിച്ച തളിയക്കുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരുടെ മാർതോമ മക്കൾ സംഗമം സംഘടിപ്പിച്ചിരുന്നു.

### 2. ഭക്തിസാന്ദ്രമായി തർപ്പണ തിരുന്നാൾ

മാർ തോമശ്ലീഹാ പാലയൂരിൽ വന്ന് തളിയക്കുളത്തിൽ തർപ്പണാത്ഭുതം നടത്തി ഭാരത ക്രൈസ്തവ സമൂഹത്തിന് രൂപം കൊടുത്തതിന്റെ സ്മരണകളുയർത്തുന്ന തർപ്പണത്തിരുന്നാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ശനിയാഴ്ച വൈകീട്ട് 5.15 ന് നടന്ന ദിവ്യബലിക്കും കൂടുതുറക്കൽ ശുശ്രൂഷയ്ക്കും തൃശൂർ അതിരൂപത ചാൻസലർ ഫാ. സണ്ണി കുറ്റിക്കോട്ടയിൽ



കാർമ്മികത്വം വഹിച്ചു. ഞായറാഴ്ച രാവിലെ 9.30 ന് നടന്ന ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജെയ്ക്കബ്ബ് തൂങ്കുഴി മുഖ്യകാർമ്മികനായിരുന്നു. ദിവ്യബലിയ്ക്കുശേഷം തളിയക്കുളം കപ്പേളയിലേക്ക് പ്രദക്ഷിണവും നടന്നു. ഉച്ചതിരിഞ്ഞ് 2 മണിക്ക് തളിയക്കുളത്തിൽ ആഘോഷമായ സമൂഹ മാമ്മോദീസയും തുടർന്ന് ദിവ്യബലിയും നടന്നു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ മുഖ്യ കർമ്മികത്വം വഹിച്ചു. വൈകീട്ട് 4 ന് നടന്ന ദിവ്യബലിക്ക് ഫാ. ഫ്രാൻസിസ് മുട്ടത്ത് കാർമ്മികത്വം വഹിച്ചു. തുടർന്ന് ജൂദംകുന്ന് കപ്പേളയിലേക്ക് പ്രദക്ഷിണവും നടന്നു. രാത്രി 7 മണിക്ക് മെഗാ ബാന്റുവാദ്യവും സംഘടിപ്പിച്ചിരുന്നു. തിരുനാളിനോടനുബന്ധിച്ച് ശനിയാഴ്ച വൈകീട്ട് 6 മണിമുതൽ രാത്രി 10 മണിവരെയും ഞായറാഴ്ച രാവിലെ 8 മണിമുതൽ ഉച്ചതിരിഞ്ഞ് 2 മണിവരെയും നേർച്ചഭക്ഷണം പാർസലായി നൽകി. ജൂലായ് 12 വെള്ളിയാഴ്ച വൈകീട്ടുനടന്ന ദിവ്യബലിക്കുശേഷം വൈദ്യുത ദീപാലങ്കാരത്തിന്റെ സ്വിച്ച്ഓൺ സർമ്മം ഫാ. വിൻസൺ പിടിയത്ത് നിർവ്വഹിച്ചു.

### 3. മാർത്തോമ കാരുണ്യ സ്പർശം 2019

മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനവും പാലയൂരിൽ തർപ്പണാത്ഭുതവും നടത്തിയതിന്റെ ഓർമ്മപുതുക്കുന്ന തർപ്പണതിരുനാളിന് കാരുണ്യത്തിന്റെ മുഖം നൽകി മാതൃകയാകുന്നു. തൃശൂർ അതിരൂപതയിലെ 250 ഇടവകകളിലെയും രോഗികൾ ഉള്ള ഒരു കുടുംബത്തിന് 2000/– രൂപ ധനസഹായം നൽകി. വേദനിക്കുന്ന മക്കളുടെ കണ്ണീരൊപ്പാൻ ആശ്വാസമായി ഈ കാരുണ്യപ്രവർത്തി. ഇവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനാശുശ്രൂഷ നൽകി. സ്നേഹവിരുന്നും സംഘടിപ്പിച്ചിരുന്നു.

### 4. മാർത്തോമ സ്നേഹസ്പർശം 2019

ആരോരുമില്ലാതെ വേദനിക്കുന്ന മക്കൾക്ക് ആശ്വാസമായി പാലയൂരിൽ വേദിയൊരുങ്ങി. ജീവിതത്തിൽ പ്രത്യേക സാഹചര്യങ്ങളിൽ ഒറ്റപ്പെട്ടുപോയ തങ്ങളെ കൈപിടിച്ച് അംഗീകരിച്ച് സാന്ത്വനിപ്പിച്ചപ്പോൾ സന്തോഷത്തിന്റെ കണ്ണുനീർപ്പൂക്കൾ ഓരോ മുഖത്തും തെളിഞ്ഞുവന്നു. തീർത്ഥകേന്ദ്രത്തിലേക്ക് മുഷിഞ്ഞ വസ്ത്രവുമായി കടന്നുവന്ന തെരുവിന്റെ മക്കളെ റെക്ടർ ഫാ. വർഗ്ഗീസ് കരിപ്പേരിയുടെയും ഫാ. സിന്റോ പൊന്തേക്കന്റെയും നേതൃത്വത്തിൽ തിരുനാൾ കമ്മറ്റിഅംഗങ്ങൾ കെട്ടിപ്പിടിച്ച് ചുംബനം നൽകി ഹാരമണിയിച്ചപ്പോൾ കണ്ടുനിന്നവർക്കും ഈ മക്കൾക്കും അത് വേറിട്ടൊര

നുഭവമായി. പുരുഷന്മാരുടെ മുടിയും താടിയും വെട്ടുന്നതിനുള്ള സൗകര്യം ഒരുക്കി. അവരെ കുളിപ്പിച്ച് പുതുവസ്ത്രം അണിയിച്ചു. തുടർന്ന് തളിയക്കുളക്കരയിൽ ഒത്തുകൂടി അവരുടെ വേദനകളിൽ പങ്കുചേർന്നു മിലിട്ടറിയിൽ ചേർന്ന് മടങ്ങിയവരും, ബി.എഡ്. ബിരുദധാരികളും അന്ധരും തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള സ്ത്രീകളും പുരുഷന്മാരുമായി 150 ഓളം പേർ പങ്കെടുത്തു. ഗുരുവായൂർ ചാവക്കാട് പ്രദേശങ്ങളിൽ ഭിക്ഷയാചിച്ചു നടക്കുന്നവരായിരുന്നു സംഗമത്തിൽ എത്തിച്ചേർന്നത്. ഈ മക്കൾക്കായി വിഭവസമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു. ഓരോ അഗതികൾക്കും ഒരു അമ്മ എന്നക്രമത്തിൽ ഇടവകയിലെ അമ്മമാർ അവർക്ക് ഭക്ഷണം വിളമ്പിക്കൊടുത്തു. അത്യാവശ്യ സാധനങ്ങളടങ്ങുന്ന കിറ്റും സഹായവും കൈപ്പറ്റിയാണ് അവർ മടങ്ങിയത്.

### 5. മാർതോമ മക്കൾ സംഗമം

മാർതോമാശ്ലീഹ അത്ഭുതം പ്രവർത്തിച്ച തളിയക്കുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരുടെ ഒത്തുകൂടലായി മാർതോമ മക്കൾ സംഗമം. ജൂലൈ 3 ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് തളിയക്കുളത്തിൽ മാമ്മോദീസയുടെ സ്മരണകളുണർത്തിയ പ്രാർത്ഥന ചൊല്ലിയാണ് പരിപാടിക്ക് തുടക്കമായത്. ഈ പ്രാവശ്യം 2000 ന് മുൻപ് മാമ്മോദീസ സ്വീകരിച്ചവരുടെ സംഗമമായിരുന്നു. മാർ തോമ മക്കൾ സംഗമം റെക്ടർ ഫാ. വർഗ്ഗീസ് കരിപ്പേരി ഉദ്ഘാടനം നിർവ്വഹിച്ചു. ഈ സംഗമം ഭാരതക്രൈസ്തവരുടെ തറവാടായ പാലയൂരിന്റെ വളർച്ചയ്ക്ക് ഉപകരിക്കുമെന്ന് സംഗമത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ഇതിന്റെ ഭാഗമായി അഞ്ചംഗ കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.

### 6. അരങ്ങേറ്റ മഹോത്സവം

മാർതോമാശ്ലീഹായുടെ വചന സന്ദേശത്തിന്റെ അരങ്ങേറ്റംകുറിച്ച പാലയൂരിന്റെ മണ്ണിൽ വിവിധ കലാരൂപങ്ങളുടെ അരങ്ങേറ്റം നടന്നു. ജൂലൈ 6 ന് നടന്ന അരങ്ങേറ്റമഹോത്സവം തൃശൂർ കലാസദൻ സെക്രട്ടറി. ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഭരതനാട്യം, കീ ബോർഡ്, ഗിത്താർ എന്നീ ഐറ്റങ്ങളാണ് അരങ്ങേറിയത്. അമേരിക്കയിൽ നിന്നും വന്ന സഹോദരങ്ങൾ പാലയൂരിൽ ഭരതനാട്യം അരങ്ങേറ്റം കുറിച്ചത് വ്യത്യസ്ത അനുഭവമായി.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

എല്ലാവർക്കും സുഖമല്ലേ? ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും പരി. മാതാവിന്റെ സ്വർഗ്ഗാരോപണവും പ്രത്യേകമായി ഓർക്കുന്ന ഒരു മാസമാണല്ലോ ആഗസ്റ്റ്. പരി. അമ്മയുടെ മധ്യസ്ഥതയിൽ ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും ഉത്തമഭാരതീയരായി പ്രവർത്തിക്കുവാനുമുള്ള ആഹ്വാനമാണ് ഈ തിരുനാളുകൾ നമുക്ക് നൽകുന്നത്. നമ്മുടെയൊക്കെ ജീവിതത്തിൽ നാം ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് സ്വാതന്ത്ര്യത്തിന് വേണ്ടിയല്ലേ?

“സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം”

എന്ന കുമാരമാശാന്റെ വരികൾ ചെറുപ്പം മുതലേ നാം കേട്ടിട്ടുള്ളതും സ്വാതന്ത്ര്യത്തിനായി അതിയായി ആഗ്രഹിച്ചിട്ടുള്ളവരുമാണ്. മഹാകവി വള്ളത്തോളിന്റെ വാക്കുകൾ കടമെടുക്കുകയാണെങ്കിൽ, സ്വർണ്ണം കൊണ്ടുള്ള കൂട്ടിൽ അടയ്ക്കപ്പെടുന്നതിനേക്കാൾ പക്ഷികൾ ആഗ്രഹിക്കുന്നത് ആകാശത്തിന്റെ അനന്തവിഹായിസ്സിൽ പാറിപറക്കാനാണ്. കാരണം സ്വാതന്ത്ര്യം നൽകുന്ന സന്തോഷം അത്രയധികമാണ്.

യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യം അനുഭവിക്കാൻ നാം എന്തുചെയ്യണം? യോഹന്നാന്റെ സുവിശേഷത്തിൽ 8–ാം അധ്യായം 32 വാക്യത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ അറിയുകയും അവനെ സ്നേഹിക്കുകയും അവന്റെ വചനങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നവരുടെ സമൂ

ഹമാണ് ക്രൈസ്തവ സമൂഹം. നാം നടത്തുന്ന മതബോധനവും, കൂദാശസ്വീകരണവുമെല്ലാം ഈ ലക്ഷ്യം വച്ച് കൊണ്ടുള്ളതാണ്. സത്യത്തിന്റെ വഴിയെ നടന്ന് യഥാർത്ഥമായ സ്വാതന്ത്ര്യം അനുഭവിച്ച് കടന്ന് പോയ അനേകം വ്യക്തിത്വങ്ങളെ നമുക്ക് കണ്ടെത്താൻ കഴിയും.

ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികളിലൂടെ കടന്ന് പോകുമ്പോഴും യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യം അനുഭവിച്ച മനുഷ്യ വ്യക്തിക്കുദാഹരണമാണ് പരി. കന്യകാമറിയം. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ നാം ആഘോഷിക്കുമ്പോൾ, പരി. മാതാവ് എങ്ങനെയാണ് ഈ ലോകത്തിന്റെ ബന്ധനങ്ങളിൽ നിന്ന് മോചിതയായി സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടത് എന്ന് ചിന്തിക്കുന്നത് നല്ലതല്ലേ? ദൈവപുത്രനായ യേശുവിനെ തിരിച്ചറിയുകയും "ഇതാ കർത്താവിന്റെ ദാസി" എന്ന് പറഞ്ഞ് അവനെ ജീവിതത്തിൽ സ്വീകരിക്കുകയും അവനോടൊപ്പം ജീവിക്കുകയും അവന്റെ സഹനമരണഉത്ഥാനത്തിൽ പങ്കാളിയാവുകയും ചെയ്ത പരി. അമ്മയെ ദൈവപിതാവ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് ഉയർത്തിയെന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു.

ഇഷ്ടമുള്ളത് എല്ലാം ചെയ്യാനുള്ള അനുവാദമായി പലപ്പോഴും സ്വാതന്ത്ര്യത്തെ കാണുന്നവരുണ്ട്. പക്ഷേ, അത് സ്വാതന്ത്ര്യത്തിന്റെ വികലമായ നിർവചനമാണ്. കാരണം അത് പലപ്പോഴും പാരതന്ത്ര്യത്തിലേക്കും മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിക്കുന്നതിനും കാരണമാകാറുണ്ട്. ഉദാഹരണത്തിന്, ഒരു കുഞ്ഞിനെ സംബന്ധിച്ച് തീ കാണുമ്പോൾ അത് പിടിക്കുവാനുള്ള ആഗ്രഹമുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അത് ചെയ്യുകയാണെങ്കിൽ അത് അവനെ അപകടത്തിലേക്ക് നയിക്കുന്നു. അതുകൊണ്ടല്ലേ ഈശോ നമ്മെ പഠിപ്പിക്കുന്നത്, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ് (യോഹ 8, 34) എന്ന്. നമ്മുടേയും ജീവതത്തിൽ സ്വാതന്ത്ര്യമായി കരുതുന്ന പലതും നമ്മെ അടിമത്തത്തിലേക്ക് നയിക്കുന്നുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. സ്വാതന്ത്ര്യത്തിന് ഏറ്റവും നല്ല നിർവ്വചനം നൽകിയത് പരി. അമ്മയാണ്. ലൂക്കാ 1:38 ൽ നാം വായിക്കുന്നു, ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം എന്നിൽ നിറവേറട്ടെ. ദൈവത്തിന്റെ ദാസൻ/ദാസിയായി ദൈവഹിതം നിറവേറ്റലാണ് സ്വാതന്ത്ര്യം. പിശാചിന്റെ, തിന്മയുടെ, പാപത്തിന്റെ, സ്വാർത്ഥതയുടെ, മറ്റൊരു വ്യക്തിയുടെ അടിമയായി ദൈവത്തിനെതിരെ പ്രവർത്തിക്കലാണ് അസ്വാതന്ത്ര്യം.

ആധുനിക സാമൂഹികസമ്പർക്ക മാധ്യമങ്ങൾ പലപ്പോഴും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അസത്യങ്ങളേയും അർദ്ധ സത്യങ്ങളേയും അവതരിപ്പിക്കുമ്പോൾ അത് തിരിച്ചറിയാൻ നമുക്ക് സാധിച്ചില്ലെങ്കിൽ നാം മുമ്പേ കണ്ട അടിമത്വത്തിൽ പങ്കുകാരാകാനിടയുണ്ട്. സഭയുടെയും

സഭാധികാരികളുടേയും കുറവുകൾ എടുത്തുകാണിക്കുവാൻ ഇന്നത്തെ സമൂഹം മുന്നിട്ടിറങ്ങുമ്പോൾ, നാമൊക്കെ അംഗങ്ങളായിരിക്കുന്ന തിരുസഭ ഇന്നത്തെ ലോകത്തിന് ചെയ്യുന്ന നന്മകൾ കണ്ടെത്തുവാനും അവ പ്രഘോഷിക്കുവാനും നമുക്ക് കഴിയുന്നില്ലെങ്കിൽ യാഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്ക് സാധിക്കുകയില്ല.

പ്രിയമുള്ളവരെ, പരി. അമ്മ തന്റെ ജീവത്തിലൂടെ കാണിച്ചു തന്ന ആത്മീയ സ്വാതന്ത്ര്യവും, നമ്മുടെ പൂർവ്വികർ നേടിത്തന്ന രാഷ്ട്രീയ സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഈ മാസത്തിൽ തന്നെയാണ് വൈദികരുടെ മദ്ധ്യസ്ഥനായ വി. വിയാനിയുടേയും (ആഗസ്റ്റ് 4) അതിരൂപതയിലെ വിശുദ്ധയായ വി. എവുപ്രാസ്യാമ്മയുടെയും (ആഗസ്റ്റ് 29) തിരുനാൾ നാം ആഘോഷിക്കുന്നത്. നിങ്ങളുടെ വികാരിയച്ചനു വേണ്ടിയും എല്ലാ വൈദികർക്ക് വേണ്ടിയും സമർപ്പിതർക്ക് വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

നിങ്ങൾക്കേവർക്കും സ്വാതന്ത്ര്യദിനത്തിന്റെ മംഗളങ്ങൾ ആശംസിച്ചു കൊണ്ടും സ്വർഗ്ഗാരോപിതയായ പരി. അമ്മയുടെ മാധ്യസ്ഥ്യം വഴി ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ടും,

നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**താഴെ പറയുന്ന ചോദ്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത്, നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതിയറിയിക്കുവാൻ താത്പര്യപ്പെടുന്നു.**

1). എന്താണ് യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യം?

2). യേശുവുമായുള്ള ബന്ധം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നുണ്ടോ? എങ്ങനെ?

3). സ്വാതന്ത്ര്യമായി കരുതുന്ന എന്തെങ്കിലും നമ്മെ അടിമത്തത്തിലേക്ക് നയിക്കുന്നുണ്ടോ? അവ ഏവ?

4). സ്വർഗ്ഗാരോഹണവും സ്വർഗ്ഗാരോപണവും തമ്മിലുള്ള വ്യത്യാസമെന്ത്? വി. ജോൺ മരിയ വിയാനിയുടെയോ വി. എവുപ്രാസ്യ അമ്മയുടെയോ ജീവചരിത്രം വായിക്കുകയും ചെറിയ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക

## വിശ്വാസപരിശീലന കേന്ദ്ര വാർത്തകൾ

പരിശുദ്ധ കന്യാമറിയത്തിന്റ **സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ** എല്ലാവർക്കും നേരുന്നു.

സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പിന്തുടരാം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നിലകൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യമ്മയുടെയും മാധ്യസ്ഥ്യം അപേക്ഷിക്കാം.

വിശ്വാസപരിശീലകരുടെ ഏകദിന സെമിനാറിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും സെമിനാറിൽ പങ്കെടുക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിച്ച ബഹു. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും നന്ദി.

### 1. ACC സർട്ടിഫിക്കറ്റ്ദാനം

ACC 3 വർഷകോഴ്സ് 2018–2019 അധ്യയനവർഷത്തിൽ പൂർത്തിയാക്കി സർട്ടിഫിക്കറ്റിന് അർഹരായ വിദ്യാർത്ഥികളുടെ സംഗമവും സർട്ടിഫിക്കറ്റ് ദാനവും നടത്തുന്നു.

**തിയ്യതി: 2019 ആഗസ്റ്റ് 15, വ്യാഴം**

**സമയം: 10AM-5 PM**

**സ്ഥലം: DBCLC, തൃശ്ശൂർ**

വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. സർട്ടിഫിക്കറ്റിന് അർഹരായവരുടെ പേരുവിവരം Blog–ലെ NOTICE BOARD–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html). ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കുവാൻ യൂണിറ്റധികൃതർ പ്രത്യേകം ശ്രദ്ധ ചെലുത്തുമല്ലോ.

### 2. Catechetical Merit Day

ഈ വർഷത്തെ മെറിറ്റ് ഡേ സമ്മേളനത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

**തിയ്യതി: 2019 ആഗസ്റ്റ് 15, വ്യാഴം**

**സമയം: 2 PM-5 PM**

**സ്ഥലം: DBCLC, തൃശ്ശൂർ**

വ്യക്തിഗത സമ്മാനങ്ങൾക്കോ സർട്ടിഫിക്കറ്റുകൾക്കോ അർഹരായവർ താഴെപ്പറയുന്ന ഇനത്തിൽപ്പെട്ടവരാണ്. (ലിസ്റ്റ് അവസാനത്തിൽ കൊടുത്തിട്ടുണ്ട്. Blog –ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html)

**Sunday Catechism**

a) ACC Rank Holders
b) ACC Top Mark Holders of the Accademic Year 2018-2019
c) Std. XII Rank Holders
d) Scholarship Examination Rank Holders
e) SMCC Prathibha Sangamam Std. VII
f) Full Attendance Std. I to ACC (15 years)
g) ACC Certificates

**യൂണിറ്റധികൃതരുടെ ശ്രദ്ധയ്ക്ക്.**

1. സമ്മാനർഹരെ യൂണിറ്റധികൃതർ പ്രത്യേകം അറിയിക്കുകയും സമ്മാനങ്ങൾ ഏറ്റുവാങ്ങാൻ ചടങ്ങിലേക്ക് അയയ്ക്കുകയും വേണം. സമ്മാനർഹരായ വിദ്യാർത്ഥികളോടൊപ്പം അവരുടെ മാതാപിതാക്കളെയും ചടങ്ങിലേക്ക് ക്ഷണിക്കുന്നു. അവരെ പറഞ്ഞയയ്ക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.
2. ACC സർട്ടിഫിക്കറ്റിന് അർഹരായവരെ വ്യക്തിപരമായി ക്ഷണിക്കുന്നുണ്ട്. വിശ്വാസപരിശീലനകേന്ദ്രത്തിൽ ലഭിച്ചിട്ടുള്ള മേൽവിലാസത്തിലാണ് അറിയിപ്പുകൾ നൽകുന്നത്. ഏതെങ്കിലും കാരണവശാൽ അറിയിപ്പ് ലഭിച്ചില്ലെങ്കിലും സമ്മാനർഹരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് ഇക്കാര്യം അവരെ നേരിട്ട് അറിയിക്കുവാനും അവരെ ചടങ്ങിൽ പങ്കെടുപ്പിക്കാനും യൂണിറ്റധികൃതർ മുൻകൈയ്യെടുക്കണം.
3. ACC വിദ്യാർത്ഥികളിൽ, ACC Rank Holders, Top Mark Holders എന്നിവരുടെമാത്രം മാതാപിതാക്കളെയാണ് സർട്ടിഫിക്കറ്റ്ദാന ചടങ്ങുകളിലേക്ക് പ്രതീക്ഷിക്കുന്നത്.
4. അതിരൂപതാ വിശ്വാസപരിശീലന കൗൺസിൽ, പി. ടി. എ. കേന്ദ്ര കമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## 3. വിദ്യാർത്ഥികൾക്കുള്ള ഡയറി

പല യൂണിറ്റുകളും വിദ്യാർത്ഥികൾക്കുള്ള ഡയറി വിതരണം ചെയ്തു എന്ന് കാണുന്നതിൽ വളരെ സന്തോഷമുണ്ട്. മാതാപിതാക്കളുമായി ബന്ധപ്പെടാൻ ഒരു മുഖ്യ ഉപാധിയാണിത്. അവർക്ക് വിശ്വാസപരിശീലന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അത്

ഉപകരിക്കും. ഡയറിയുടെ രണ്ടുകോപ്പിവീതം വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു.

വിശ്വാസപരിശീലനത്തിൽ വി. കുർബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ കുർബാനപ്പുസ്തകം ഉപയോഗിക്കുവാൻ വിശ്വാസപരിശീലകർ പ്രോത്സാഹിപ്പിക്കണം. **ഡയറിയിൽ വി.കുർബാന അച്ചടിക്കുന്നതിന് അനുവാദമില്ല.** വർഷാവർഷം മാറുന്ന ഡയറിയെക്കാൾ തുടർച്ചയായി ഉപയോഗിക്കുന്നതിന് കുട്ടികൾക്ക് സ്വന്തമായി കുർബാനപ്പുസ്തകം ഉണ്ടായിരിക്കുന്നതാണ് നല്ലത്. വിശ്വാസപരിശീലനാവശ്യത്തിനായി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന കുർബാനപ്പുസ്തകം DBCLC-യിലെ റിലീജ്യസ് സ്റ്റാളിൽ നിന്നും ലഭ്യമാണ്. യൂണിറ്റുകളുടെ താൽപര്യപ്രകാരം, പുസ്തകത്തിന്റെ കവറിൽ ഇടവകയുടെ പേര് പ്രിന്റ് ചെയ്ത് കുർബാനപ്പുസ്തകം ലഭ്യമാക്കുന്നതാണ്..

## 4. യൂണിറ്റ് വിസിറ്റ്

യൂണിറ്റ് വിസിറ്റ് ജൂലായ് 14 മുതൽ ആരംഭിച്ചിരിക്കുകയാണ്. ഇത് ഫലപ്രദമാക്കാൻ യൂണിറ്റുകളും വിസിറ്റിംഗ് ടീം അംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. നിശ്ചിത ക്രമമനുസരിച്ച് പൂർത്തീകരിക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് ആവശ്യപ്പെടുന്നു. അർദ്ധവാർഷിക പരീക്ഷകൾക്ക് മുമ്പ് യൂണിറ്റ് വിസിറ്റ് പൂർത്തിയാക്കിയിരിക്കണം.

യൂണിറ്റ് സന്ദർശനത്തിനു വരുന്ന ടീമിംഗങ്ങൾക്ക് യാത്രചിലവും (ഒരംഗത്തിന് കൂടിയത് നൂറ്റിയമ്പതു രൂപ എന്ന തോതിൽ) ഭക്ഷണവും സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്നും നല്കേണ്ടതാണ്.

## 5. പ്രതിഭാ പരിശീലനം Std. VII & XII

**VII , XII** ക്ലാസ്സുകളിൽ നിന്നും പ്രതിഭാ പരിശീലനത്തിലേക്ക് നിർദ്ദേശിക്കുന്നവരുടെ പേരുകൾ ഓഗസ്റ്റ് 19-നുമുമ്പ് സോഫ്റ്റ്‌വെയർവഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രവേശന ഫോമുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ ആഗസ്റ്റ് 19-നുമുമ്പ് നൽകുകയും വേണം. പ്രവേശന ഫോമുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോമുകൾ ഇവിടെ ലഭിച്ചതിനുശേഷം വിശ്വാസപരിശീലനകേന്ദ്രത്തിൽ നടക്കുന്ന ഒരു ദിവസത്തെ ക്യാമ്പിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതനുസരിച്ച് ഈ കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

2019 ഒക്ടോബർ 27 ഞായർ : Std. XII (9:30 AM to 4:30 PM; DBCLC)
2019 നവംബർ 10 ഞായർ : Std. VII (9:30 AM to 4:30 PM; DBCLC)

## 6. കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ പ്രവർത്തനം.

വർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക.

യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ കമ്പ്യൂട്ടർ പ്രോഗ്രാമിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ up-to-date ആയി പാലിക്കണം.

**പ്രത്യേകശ്രദ്ധയ്ക്ക്:**

വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, പ്രതിഭാപരിശീലനം, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണിറ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ(ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ആവശ്യമുള്ള ഡാറ്റ ചേർക്കാതിരിക്കുകയോ, വരുന്ന മാറ്റങ്ങൾ അതാതുസമയത്ത് ചെയ്യാതിരിക്കുകയോ ചെയ്താൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും വിശ്വാസപരിശീലനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. എല്ലാം കൃത്യമായി ചെയ്യുന്നവർക്ക് എല്ലാം വളരെ എളുപ്പവുമായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല. അർദ്ധവാർഷിക പരീക്ഷ അടുത്തുവരുന്നതിനാൽ, അവ തടസ്സപ്പെടാത്തവിധം സ്റ്റുഡന്റ്സ് ലിസ്റ്റ് up-to-date ആയിരിക്കണം. അതനുസരിച്ചായിരിക്കും ചോദ്യപേപ്പർ യൂണിറ്റുകളിലേക്ക് തരുന്നത്.

## 7. ACC യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

ACC വിദ്യാർത്ഥികളുടെ ഫോട്ടോ സഹിതമുള്ള യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം (രജി. ഫീസ് 100 രൂപ ഉൾപ്പെടെ) വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കേണ്ട തിയ്യതികൾ ആഗസ്റ്റ് 1 മുതൽ 14 വരെയാണെന്ന് ഓർമ്മിപ്പിക്കുന്നു. ഫോമുകളിൽ വികാരി, പ്രിൻസി

പ്പൽ, ഗാർഡിയൻ എന്നിവരുടെ ഒപ്പും യൂണിറ്റിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്.

**ACC Syllabus 2019-2020**

അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള YOUCAT പാഠ്യഭാഗം ചോദ്യങ്ങൾ 1–70 ആണ്. Blog–ൽ പ്രസിദ്ധീകരിച്ചിരുന്ന ണലലസഹ്യ Plan-ൽ അതനുസരിച്ച് വ്യത്യാസം വരുത്തിയിട്ടുണ്ട്.

**8. Advanced C. T. C.** (ഒരു ബാച്ചുമാത്രം)

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെക്കൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ള കോഴ്സാണിത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. താഴെപ്പറയുന്ന 13 ഞായറാഴ്ചകളിൽ ഉച്ച കഴിഞ്ഞ് 2:30 മുതൽ 5 വരെയായിരിക്കും ക്ലാസ്സുകൾ. കോഴ്സ് സൗജന്യമായിരിക്കും. പങ്കെടുക്കുന്നവർ ആഗസ്റ്റ് 19–നുമുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

**ക്ലാസ്സ് തിയ്യതികൾ:**

സെപ്റ്റംബർ 1, 8, 15, 22, ഒക്ടോബർ 6, 13, 27, നവംബർ 3, 10, 17, 24, ഡിസംബർ 1, 15.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Justin Poozhikunnel**
Asst. Directors

**Fr. Raphael Akkamattathil**
Director




# മേരിമാത സെമിനാരി

**1. സ്വാഗതം**

സെമിനാരി ഓഫീസ് ഇൻചാർജ്ജായി ബഹു. സി. റെജി കൂവല്ലൂർ SNDS 2019 ജൂൺ 13–ാം തിയ്യതി മുതൽ ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. സി. റെജിക്ക് സെമിനാരികുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

**2. സ്നേഹപർവ്വം – 2019**

സ്നേഹപർവ്വം – 2019 എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്ന ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ജൂൺ 29–ാം തിയ്യതി നടത്തപ്പെട്ടു. തദവസരത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധബലിയിൽ ബഹു. പോൾ പുളിക്കനച്ചൻ മുഖ്യ കാർമ്മികത്വം വഹിക്കുകയും ബഹു. സിബി ചെറുതോട്ടിലച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. പ്രസ്തുത സംഗമത്തിലൂടെ മേരിമാതാ സെമിനാരി കുടുംബത്തിന്റെ സൗഹൃദ വലയങ്ങൾ കുറെക്കൂടി വിസ്തൃതമാക്കപ്പെട്ടു.

**3. മാർ വാലാഹ്**

ദുക്റാന തിരുനാൾ ആഘോഷങ്ങൾ ജൂലൈ 1 –ാം തിയ്യതി വൈകീട്ട് തിയോളജി റസിഡൻസിലെ ചാപ്പലിൽ നടന്ന പ്രാർത്ഥന ശുശ്രുഷകളോടെ ആരംഭിച്ചു. ബഹു. സാജൻ പിണ്ടിയാനച്ചൻ കാർമികത്വം വഹിച്ചു. ബ്രദർ ജിസ്മോൻ ആറമ്പിള്ളി സന്ദേശം നല്കി. ജൂലൈ 2–ാം തിയ്യതി ബഹു. റോയ് മൂക്കനച്ചന്റെ കാർമികത്വത്തിൽ ആഘോഷമായ വേസ്പര നടന്നു. തദവസരത്തിൽ ബഹു. ഡേവിസ് കാവുങ്കലച്ചൻ സന്ദേശം നല്കി. ദുക്റാന ദിനമായ ജൂലൈ 3–ാം തിയ്യതി ബഹു. പോൾ പുളിക്കനച്ചന്റെ കാർമികത്വത്തിൽ അർപ്പിച്ച റാസകുർബാന മദ്ധ്യേ ബഹു. ജിബിൻ താഴേക്കാടനച്ചൻ വചനസന്ദേശം നല്കി. വൈദിക വിദ്യാർത്ഥികളിൽ പലരും അന്നേ ദിവസം പാലയൂർ തീർത്ഥാടനവും നടത്തി.

**4. അരങ്ങുണർന്നു**

സെമിനാരിയുടെ കലാസാഹിത്യ വേദിയായ സർഗജ്യോതിയുടെ ഉദ്ഘാടനം ജൂലൈ 3–ാം തിയ്യതി പ്രശസ്ത സിനിമ താരം സിജു

വിൽസൺ നിർവഹിച്ചു. ഉദ്ഘാടന യോഗത്തിനിടെ ബ്രദർ ജോയൽ തെക്കിനിയത്ത് ദുക്റാന തിരുന്നാൾ സന്ദേശം പങ്കുവച്ചു.

## 5. പുതുചൈതന്യത്തിൽ നിറഞ്ഞ്

ഈ വർഷത്തെ വാർഷിക ധ്യാനം ജൂലൈ 7 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ ആയിരുന്നു. ബഹു. ഫാ. അഗസ്റ്റിൻ വല്ലൂരാൻ VC ധ്യാനം നയിച്ചു. പുതിയ ഉൾക്കാഴ്ച്ചകളുമായി ഉണർവോടെ വൈദികപരിശീലനം മുന്നോട്ട് നയിക്കാനുള്ള ആത്മീയോർജ്ജം സ്വായത്തമാക്കാൻ വാർഷിക ധ്യാനം എല്ലാവരെയും സഹായിച്ചു.

## 6. സിമ്പോസിയത്തിനൊരുക്കമായ്

സഭൈക്യം എന്ന വിഷയത്തെ അധികരിച്ചുള്ള ഈ വർഷത്തെ സിമ്പോസിയത്തിനൊരുക്കമായുള്ള EXTENSION LECTURE ജൂലൈ 29–ാം തിയ്യതി നടന്നു. വിദഗ്ധരുടെ നിർദ്ദേശങ്ങൾക്കനുസൃതം വൈദിക വിദ്യാർത്ഥികൾ വിഷയത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് അവതരണങ്ങൾ നടത്തി.

## 7. ഉപകാരി സംഗമം

സെമിനാരിയെ പ്രാർത്ഥനകൊണ്ടും പണംകൊണ്ടും സഹായിച്ചുകൊണ്ടിരിക്കുന്ന ഉപകാരികളുടെ സംഗമം ജൂലൈ 28–ാം തിയ്യതി നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉപകാരികളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്നു നടന്ന യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

## 8. ബേഴ്സ് സ്ഥാപിച്ചവർ

Patron Membership

1. ശ്രീ. കെ. കെ. ജോയ്, കണ്ണമ്പുഴ ഹൗസ്, കൂനംമൂച്ചി.

Benefactor Membership

1. ശ്രീമതി റീത്ത ഫ്രാൻസിസ്, വടക്കേത്തല ഹൗസ്, പറവട്ടാനി.
2. ശ്രീമതി ഫിലോമിന സെബാസ്റ്റ്യൻ, കൈതാരത്ത് ഹൗസ്, കണിമംഗലം.
3. ശ്രീ. പി. ജെ. ജോസ്, പുലിക്കോട്ടിൽ ചിമ്മൻ ഹൗസ്, ചിറ്റാട്ടുകര.
4. ശ്രീ. കെ. എൽ. ആന്റണി, കാപ്പാനി ഹൗസ്, ഒല്ലൂർ.
5. ശ്രീ. ജോസ് തലക്കോട്ടൂർ, റിട്ട. പ്രിൻസിപ്പൽ, വൈലത്തൂർ.

Wellwisher Membership

1. ശ്രീമതി ഫ്ളോറി സാജൻ, പടിക്കല ഹൗസ്, വിയ്യൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

## 1. ദുക്റാന തിരുനാൾ

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുന്നാൾ സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. തിരുനാൾ വി. കുർബ്ബാനയർപ്പിച്ച് തിരുവചന സന്ദേശം നല്കിയത് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവായിരുന്നു. വൈകീട്ട് സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് എക്യുമെനിക്കൽ പ്രാർത്ഥനാകൂട്ടായ്മയും പൊതുയോഗവും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പൊതുയോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ട്രിച്ചൂർ എക്യുമെനിക്കൽ ഗ്രൂപ്പ് ഭാരവാഹികൾ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ആ ദിവസത്തിന്റെ ചൈതന്യത്തിനിണങ്ങുന്ന വിവിധ കലാപരിപാടികൾ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

## 2. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ

ജൂലൈ 11 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവും ജൂലൈ 23 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

## 3. മാസധ്യാനം

ജൂലൈ മാസത്തെ മാസധ്യാനം 12,13 തിയതികളിലായി നടത്തി. മൈനർ സെമിനാരിക്കാർക്ക് ബഹു. ഷിജോ ചിരിയൻകണ്ടത്ത് അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും ധ്യാനചിന്തകൾ പങ്കുവച്ചു.

## 4. ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. സി. കെ. പോൾസൻ, ചിറയത്ത് ഹൗസ്, മുണ്ടൂർ

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ

# Institute of THEOLOGY

## 1. B.A. in Theology and Religious Studies:

ബൽജിയത്തെ ലുവൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2PM മുതൽ 5PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D.B.C.L.C-യിലെ Institute of Theology Office-മായി ബന്ധപ്പെടുക.

## 2. Correspondence Theology Course:

24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ 2 വർഷം കൊണ്ടോ മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ടോ പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2019 ജൂലൈ 28ാം തിയ്യതി 2 PM ന് ആരംഭിച്ചു. ഈ കോഴ്സിൽ ചേർന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 11, ആഗസ്റ്റ് 25 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## 1. ജേർണൽ ക്ലബ്ബ്

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പതിനാലാമത് ജേർണൽ ക്ലബ്ബ് യോഗത്തിൽ ജൂബിലി മെഡിക്കൽ സൂപ്രണ്ടും, നേത്രരോഗവിഭാഗം മേധാവിയുമായ പ്രൊഫസർ ഡോ. സി. വി. ആൻഡ്രൂസ് പ്രബന്ധം അവതരിപ്പിച്ചു.

ജോൺ പോപ്കിൻസ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരുടെ നേതൃത്വത്തിൽ 5 രാജ്യങ്ങളിലായി നടത്തിയ ഗവേഷണ ഫലങ്ങൾ 'റെറ്റിന' ജേർണലിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. ബെവാസി സുമാബ് എന്നതിനോടൊപ്പം GLP–യും കൂടി (Grid Laser Photocoagulation) നൽകുന്നതിനെക്കുറിച്ചായിരുന്നു ഗവേഷണം. പ്രമേഹം മൂലം കണ്ണിനെ ബാധിക്കുന്ന ഡയബറ്റിക് റെറ്റിനോപതി എന്ന അസുഖാവസ്ഥയിൽ റെറ്റിനയുടെ മദ്ധ്യഭാഗത്തെ പ്രവർത്തന രഹിതമാക്കുന്ന ഡയബറ്റിക് മാക്യുലാർ എഡിമയിലായിരുന്നു (Diabetic Macular Edema) ബൃഹത്തായ ഈ പഠനം നടന്നത്. തുടർന്നു നടന്ന ചർച്ചയിൽ ഡോ. ഡി. എം. വാസുദേവൻ, ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. സുശീല ജേക്കബ്ബ് ഇന്ന എന്നിവർ പങ്കെടുത്തു.

## 2. ജൂബിലിയിലെ ഡോക്ടർമാർ പ്രതിഷേധധർണ്ണ നടത്തി

കൊൽക്കത്തയിലെ എൻ.ആർ.എസ്. മെഡിക്കൽ കോളേജിലെ ഡോക്ടറായ പരിഭാ മുഖോബാദ്ധ്യായയെ രോഗീപരിചരണത്തി നിടയിൽ ആക്രമിച്ചതിനെ അപലപിച്ചുകൊണ്ടും രാജ്യമൊട്ടാകെ സമരം നടത്തുന്ന ഡോക്ടർമാരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും പൊതുസമ്മേളനവും ധർണ്ണയും നടത്തി. രോഗീപരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആക്രമികൾക്ക് ശിക്ഷ

നടപ്പിലാക്കുന്നതിനും അധികൃതർ നടപടികളെടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**3. രക്തദാനത്തോടൊപ്പം ആരോഗ്യപരിശോധനയുമായി ജൂബിലി മുന്നോട്ട്**

രക്തദാനദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ രക്തബാങ്കിൽ രക്തദാനക്യാമ്പും സൗജന്യ ആരോഗ്യപരിശോധനയും ടെസ്റ്റുകളും നടത്തി. രാവിലെ 8 മുതൽ വൈകുന്നേരം 5 മണിവരെയുള്ള രക്തദാനത്തിനോടൊപ്പം സെൽഫി മത്സരവും നടന്നു. ജൂബിലിയിൽ നടന്ന ജീവധാര എന്ന പരിപാടിയിൽ നിരന്തരമായി രക്തദാനം ചെയ്യുന്ന വിശിഷ്ടവ്യക്തികളെ ആദരിച്ചു.

**4. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- സർജിക്കൽ ഓങ്കോളജി വിഭാഗം, ജനറൽ സർജറി സീനിയർ റസിഡന്റ് ഡോ. അരുൺ കുമാർ എൻ. ആർ, തമിഴ്നാട് എം. ജി. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും എം. എസ്. സർജറിയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയതിന് തമിഴ്നാട് ഗവൺമെന്റിൽ നിന്നും ഓണററി അവാർഡ് ഏറ്റു വാങ്ങി.

  കൂടാതെ മികച്ച വിദ്യാർത്ഥിക്കുള്ള പ്രൊഫ. കെ. ആർ.കെ. അവാർഡും, തമിഴ്നാട് എം. ജി. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള മികച്ച എം. എസ്. സർജറി പി. ജി. വിദ്യാർത്ഥിക്കുള്ള അവാർഡും നേടി.
- ഓൾ കേരള ഇന്റർ ഹോസ്പിറ്റൽ ബാഡ്മിന്റൺ ടൂർണ്ണമെന്റിൽ സർജറി വിഭാഗത്തിലെ ഡോ. ഹരികൃഷ്ണൻ, സൈക്യാട്രി വിഭാഗത്തിലെ ഡോ. ജോമി എന്നിവർ വിജയികളായി.
- തിരുവനന്തപുരത്ത് നടന്ന ഇന്ത്യൻ അക്കാദമി ഓഫ് ബയോ മെഡിക്കൽ സയൻസിന്റെ ദേശീയ സമ്മേളനത്തിൽ അവതരിപ്പിച്ച ഗവേഷണ പ്രബന്ധത്തിന് ജൂബിലി ഗവേഷണകേന്ദ്രത്തിലെ റിസർച്ച് അസിസ്റ്റന്റും പി. എച്ച്. ഡി. ഗവേഷകയുമായ ശ്രീമതി സൗമ്യ രാജ് ബെസ്റ്റ് ഓറൽ പേപ്പർ അവാർഡിന് അർഹയായി.
- 2019ലെ ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ചു നടന്ന ദി ഇക്കണോമിക് ടൈംസ് ഡോക്ടേഴ്സ് ഡേ കോൺക്ലേവിൽ, ഡെർമ്മറ്റോളജി വിഭാഗം പ്രൊഫസർ ഡോ. മേഴ്സി പോൾ ഇൻസ്പയറിങ്ങ് ഡെർമ്മറ്റോള ജിസ്റ്റ് ഓഫ് ഇന്ത്യ അവാർഡ് നേടി.

**5. പുതിയ ഡോക്ടർമാർ**

- ഡോ. രെൻജു രാജ് (ഓർത്തോ വിഭാഗം)
- ഡോ. വിമൽ വിൻസെന്റ് കെ (നിയോനെറ്റോളജി വിഭാഗം)

**6. ഡയാലിസിസിന് സംഭാവന നൽകിയവർ**

- സേക്രട്ട് ഹാർട്ട് ചർച്ച്, പെരിഞ്ചേരി, തൃശ്ശൂർ (116 ഡയാലിസിസ്)
- ശ്രീ. പ്രവീൺലാൽ, കുരിയച്ചിറ, കുട്ടനെല്ലൂർ, തൃശ്ശൂർ (35 ഡയാലിസിസ്)

**7. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ജോസൻ പാലത്തിങ്കൽ, പാലത്തിങ്കൽ ഹൗസ്, കൃഷ്ണാപുരം, ഒല്ലൂക്കര, തൃശ്ശൂർ.

**ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. പരിശീലന പരിപാടി**

ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ ആഭിമുഖ്യത്തിൽ തിയറി ആന്റ് പ്രാക്ടീസ് ഓഫ് ഡാററാ സയൻസ് എന്ന വിഷയത്തിൽ ഒരാഴ്ച നീണ്ടു നില്ക്കുന്ന പരിശീലന പരിപാടി ആരംഭിച്ചു. എ.പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിററി സ്പോൺസർ ചെയ്യുന്ന ഈ പരിപാടി ജ്യോതി എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. ഉദ്ഘാടനം ചെയ്തു. അഡ്മിനിസ്ട്രേററർ തോമസ് മാത്യു, അസി. അഡ്മിനിസ്ട്രേറർ ബോബി പീററർ, അശ്വതി വിൽസൺ തുടങ്ങിയവർ പ്രസംഗിച്ചു. എൻ.ഐ.ടി കോഴിക്കോട് നിന്നുള്ള ഡോ. വിനീത് ആർ, മനു എന്നിവരാണ് ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നത്. വിവിധ എൻജിനീയറിംഗ് കോളേജുകളിൽ നിന്നായി നാല്പതോളം പേർ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

**2. യോഗദിനം ആചരിച്ചു**

ജ്യോതി എൻജിനീയറിംഗ് കോളേജിലെ എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ലോക യോഗദിനത്തിന്റെ ഭാഗമായി ജ്യോതിയിൽ

യോഗദിനം ആചരിച്ചു. ആററൂർ അറഫ ഇംഗ്ലീഷ് സ്കൂൾ യോഗ ടീച്ചർ ആർദ്ര, യോഗയുടെ വിവിധ വശങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും, അത്യാവശ്യം വേണ്ട യോഗാസനങ്ങൾ അദ്ധ്യാപകരെ കൊണ്ട് പരിശീലിപ്പിക്കുകയും ചെയ്തു.

### 3. Staff Retreat:

അടുത്ത അദ്ധ്യയന വർഷത്തിനു മുന്നോടി ആയിട്ടുള്ള ടമേള്ള ഞല ്യേലമ ജൂലൈ 1 മുതൽ 8 വരെ നടന്നു. നൂതന പഠന രീതികളെക്കുറിച്ച് ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പാൾ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., ഡോ. ചിക്കു അബ്രഹാം, ഡോ. വിനീത് പാലേരി തുടങ്ങിയവർ ക്ലാസ്സെടുത്തു.

| | |
|---|---|
| **ഫാ. റോയ് വടക്കൻ** | **മോൺ തോമസ് കാക്കശ്ശേരി** |
| സെക്രട്ടറി & അസി. മാനേജർ | മാനേജർ |




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

### 1. സെന്റ് തോമസ് കോളേജിൽ ബിരുദദാനചടങ്ങ്

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനചടങ്ങ് സെന്റ് തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ നടന്നു. ബിരുദ ബിരുദാനന്തരബിരുദം പൂർത്തീകരിച്ചവർക്കുള്ള ബിരുദദാനം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. കെ. മുഹമ്മദ് ബഷീർ നിർവ്വഹിച്ചു. വിവിധ കോഴ്സുകളിലെ മികച്ച വിദ്യാർത്ഥികളേയും ഇതോടൊപ്പം റാങ്ക് സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.
429 ബിരുദ വിദ്യാർത്ഥികളും 146 ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുമുൾപ്പെടെ 675 വിദ്യാർത്ഥികൾക്കാണ് ബിരുദം നൽകിയത്. കോളേജ് രക്ഷാധികാരി മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ മാർ ടോണി നീലങ്കാവിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കുത്തൂർ, പ്രിൻസിപ്പാൾ ഡോ. ജോയ് കെ. എൽ, പരീക്ഷാകൺട്രോളർ ഡോ. ആന്റോ ജോണി എന്നിവർ പ്രസംഗിച്ചു.

## 2. സെന്റ് തോമസ് കോളേജിൽ ലഹരിവിരുദ്ധ ദിനാചരണം

സെന്റ് തോമസ് കോളേജിലെ സോഷ്യൽ വർക്സ്, കൊമേഴ്സ് ആന്റ് മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റുകൾ, ആന്റി നർക്കോട്ടിക്ക് സെൽ എന്നിവയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം ആചരിച്ചു. എക്സൈസ് വകുപ്പ്, ചൈൽഡ് ലൈൻ എന്നിവയുടെ സഹകരണത്തോടെയായിരുന്നു ദിനാചരണം.

ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പർ അഡ്വ. സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. കെ. എൽ ജോയി അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പലും കൊമേഴ്സ് വിഭാഗം മേധാവിയുമായ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഗണിതവിഭാഗം മേധാവിയും ആന്റി നർക്കോട്ടിക്ക് സെൽ കൺവീനറുമായ പ്രഫ. വിൻസെന്റ് ജോസഫ് പുലിക്കോട്ടിൽ, ഫാ. വർഗീസ് കുത്തൂർ, പ്രഫ. ആലീസ് എന്നിവർ പ്രസംഗിച്ചു. റവ. ഡോ. സ്റ്റിഷിൻ കുണ്ടുകുളം, ചൈൽഡ് ലൈൻ ജില്ലാ കോ–ഓർഡിനേറ്റർ ജിനോ ദേവസ്സി എന്നിവരുടെ നേതൃത്വത്തിൽ ഒപ്പു ശേഖരണം, ബാഡ്ജ് വിതരണം, പോസ്റ്റൽ പ്രദർശനം എന്നിവ നടത്തി. തുടർന്ന് ഡോ. ബാസ്പിൻ, ശിവശങ്കരൻ എന്നിവർ ക്ലാസ്സെടുത്തു. സോഷ്യൽ വർക്സ് വകുപ്പ് മേധാവി പ്രഫ. ജിജു കുരുവിള നന്ദി പറഞ്ഞു.

## 3. ഫൗണ്ടേഴ്സ് ദിനാചരണം

സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് കോളേജിൽ ഫൗണ്ടേഴ്സ് ദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ പ്രിൻസിപ്പാൾ ഡോ. കെ. എൽ ജോയി അദ്ധ്യക്ഷനായിരുന്നു. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെ പ്രഫസർ ഡോ. എൻ. ജെ. ഫ്രാൻസിസ് കോളേജിന്റെ സ്ഥാപക ചരിത്രം, സൂചകങ്ങളോടെ അവതരിപ്പിച്ചു.

## 4. നെറ്റ് പരിശീലനം

സെന്റ് തോമസ് കോളേജിൽ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ NET പരിശീലനം ഒരുക്കുന്നുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ലൈഫ് സയൻസ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, കൊമേഴ്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് പരിശീലന സൗകര്യം. കൂടുതൽ വിവരങ്ങൾക്ക് പ്രഫ. സജേഷ് (കോഡിനേറ്റർ) നെ ബന്ധപ്പെടേണ്ടതാണ്. ഫോൺ : 9747936823.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. ഹൃദ്യമായ വരവേൽപ്പ് സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2019–2021 ബാച്ചിലേക്ക് എത്തിച്ചേർന്ന വിദ്യാർത്ഥികൾക്ക് ഹൃദ്യമായ വരവേൽപ്പ് നൽകി. 02–07–2019 ചൊവ്വാഴ്ച സംഘടിപ്പിച്ച ഉദ്ഘാടന യോഗത്തിൽ അതിരൂപതാ വികാരി ജനറാൾ മോൺ.തോമസ് കാക്കശ്ശേരി അധ്യക്ഷനായിരുന്നു. കോളേജ് പ്രിൻസിപ്പാൾ ഡോ.ഫാ.ചാക്കോ ചിറമ്മൽ, അസി.മാനേജർ ഫാ.ബാബു അപ്പാടൻ തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

**2. രണ്ടാം സെമസ്റ്റർ പരീക്ഷ സമാപിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ 2–07–2019 ചൊവ്വ ആരംഭിച്ച് 8–07–2019 തിങ്കൾ സമാപിച്ചു.

**3. യാത്രയയപ്പ് സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ മന:ശാസ്ത്ര അധ്യാപിക ഡോ.ദീപ വർഗ്ഗീസ്, ഗണിത ശാസ്ത്ര വിഭാഗം അധ്യാപകൻ ശ്രീ.അഷ്ടമൂർത്തി എന്നിവർക്ക് 21–06–2019 വെള്ളിയാഴ്ച യാത്രയയപ്പ് സംഘടിപ്പിച്ചു.

**4. അധ്യാപന പരിശീലനം ആരംഭിച്ചു**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ അധ്യാപന പരിശീലനം ജൂലൈ 10 ബുധനാഴ്ച ആരംഭിച്ചു. ഇതിന്റെ ഭാഗമായി പരിശീലനത്തിനായി വിന്യസിച്ചിരിക്കുന്ന വിദ്യാലയങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾ യാത്രയായി.

**5. സ്വീകരണം നൽകി**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ പുതുതായി എത്തിച്ചേർന്ന മന:ശാസ്ത്ര അധ്യാപിക ശ്രീമതി. ജിനു.എം.കെ ക്ക് 24–06–2019 തിങ്കളാഴ്ച കോളേജിൽ പ്രിൻസിപ്പാൾ

ഫാ.ചാക്കോ ചിറമ്മലും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഹൃദ്യമായ സ്വീകരണം സംഘടിപ്പിച്ചു.

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ ആചരിക്കാൻ**

**2019 ആഗസ്റ്റ്**

| | | |
|---|---|---|
| 2 (വെള്ളി) | – | ആദ്യവെള്ളി, വി. കുർബാന |
| 4 (ഞായർ) | – | വി. ജോൺ. മരിയ വിയാനി |
| 9 (വെള്ളി) | – | ക്വിററ് ഇന്ത്യാദിനം |
| 11 (ഞായർ) | – | വി. ക്ലാര |
| 15 (വ്യാഴം) | – | ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>മറിയത്തിന്റെ സ്വർഗ്ഗരോപണ തിരുനാൾ |
| 21 (ബുധൻ) | – | വി. പത്താം പിയൂസ് മാർപ്പാപ്പ |
| 28 (ബുധൻ) | – | വി. അഗസ്തീനോസ് |
| 29 (വ്യാഴം) | – | വി. എവുപ്രാസ്യ |

**2. മെരിററ് ഡേ സമ്മേളനം**

കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 2019 ജൂലൈ 12 ന് വെള്ളിയാഴ്ച മെരിററ് ഡേ ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി.ബി. സി.എൽ.സി. ഓഡിറേറാറിയത്തിൽ വെച്ച് നടന്ന മെരിററ് ഡേ സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉൽഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമുള്ള സർട്ടിഫിക്കററും ക്യാഷ് അവാർഡുകളും ട്രോഫികളും അഭിവന്ദ്യ പിതാവ് നൽകി. എല്ലാവർക്കും അഭിനന്ദനങ്ങൾ!

3. Plus two Results March 2019.

| Sl. No. | NAME OF SCHOOL | STUDENTS APPEARED | | PASSED% |
|---|---|---|---|---|
| 1. | St. Thomas C.H.S.S., Thrissur | 281 | 275 | 97.86 |
| 2. | St. Antony's H.S.S., Puthenpeedika | 116 | 113 | 97.41 |
| 3. | St. Thomas H.S.S. Thope, Thrissur | 161 | 153 | 95.00 |
| 4. | St. Antony's H.S.S., Ammadam | 280 | 257 | 92.00 |
| 5. | C.J.M.A.H.S.S., Varandarappilly | 227 | 205 | 90.31 |
| 6. | St. Thomas H.S.S., Thiroor | 116 | 104 | 89.65 |
| 7. | St. Antony's H.S.S., Pudukad | 565 | 494 | 87.40 |
| 8. | St. Thomas H.S.S., Engandiyur | 173 | 142 | 82.08 |
| 9. | St. Thomas H.S.S., Vallachira | 166 | 134 | 80.72 |
| 10. | St. John's H.S.S., Parappur | 159 | 128 | 80.50 |
| 11. | St. Thomas H.S.S., Mayannur | 173 | 131 | 75.72 |
| 12. | St. Joseph's H.S.S., Avinissery | 155 | 114 | 73.55 |
| 13. | St. Joseph's H.S.S., Velupadam | 113 | 80 | 70.79 |
| 14. | St. Antony's H.S.S., Pazhuvil | 100 | 47 | 47.00 |

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# സാന്ത്വനം

**1. രണ്ടാമത്തെ ഭവനം ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയായ "സേവ് തൃശ്ശൂർ" പദ്ധതിയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസിന്റെ സഹകരണത്തോടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 13 ഭവനങ്ങളിൽ പണിപൂർത്തീകരിച്ച രണ്ടാമത്തെ ഭവനത്തിന്റെ ആശീർവാദവും താക്കോൽദാ

നവും തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ.തോമസ് കാക്കശ്ശേരി നിർവഹിച്ചു. മണലൂർ ഇടവകയിൽ പെടുന്ന ശ്രീ. ഇയ്യാനി വേലായുധന്റെ ഭവനമാണ് ഗുണഭോക്താവിന് കൈമാറിയത്. ചടങ്ങിൽ സേവ്, തൃശ്ശൂർ കമ്മിറ്റിയംഗങ്ങൾ, സാന്ത്വനം ടീമംഗങ്ങൾ, ഇടവക വികാരി, പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

**2. ജൈവരീതിയിലുള്ള കോഴിവളർത്തൽ തുക വിതരണം ചെയ്തു.**

ജൈവരീതിയിലുള്ള കോഴിവളർത്തൽ പരിശീലനഭാഗമായി തെരെഞ്ഞെടുത്ത വ്യക്തികൾക്ക് കൂടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടി ഒന്നാംഘട്ട തുകയായ 12000ക. വീതം ഓരോ വ്യക്തിക്ക് വിതരണം ചെയ്തു. അരിമ്പൂർ, പൊറത്തൂർ കല്ലൂർ ഈസ്റ്റ് എന്നീ സ്ഥലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിധവകൾക്ക് വരുമാനവർദ്ധകസംരഭമായാണ് കോഴിവളർത്തൽ പരിശീലനവും സഹായവും നല്കുന്നത്. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹായത്താലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**3. ലാവൻഡർ ആർമിയിൽ പുതിയ അംഗങ്ങൾ കൂടി.**

ആശാകിരണം, സാന്ത്വനം എന്നിവയുടെ നേതൃത്വത്തിൽ ലാവൻഡർ ആർമിയുടെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം 21 സ്കൂളുകൾ ഉണ്ടായിരുന്ന ഈ പദ്ധതിയിൽ ഈ വർഷം 10 സ്കൂളുകൾ കൂടി പദ്ധതിയുടെ ഭാഗമാകുന്നു. ഈ വർഷം 50 കുട്ടികളുടെ ഒരു ക്ലബ് എന്ന രീതിയിൽ ആണ് ലാവൻഡർ ആർമിയുടെ പ്രവർത്തനരീതി. പുതിയ സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകിയാണ് ക്ലബുകൾ പ്രവർത്തനം ആരംഭിക്കുന്നത്. ഈ വർഷം "നോ പ്ലാസ്റ്റിക് നോ കാൻസർ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. എല്ലാ സ്കൂളുകളിലേയ്ക്കും പോസ്റ്ററുകൾ, ബ്രോഷറുകൾ എന്നിവ നൽകുകയും ഈ വർഷത്തെ കർമ്മപരിപാടികൾ, നിർദ്ദേശങ്ങൾ എന്നിവ മേജർമാർക്ക് കൈമാറുകയും ചെയ്തു.

**4. നാമഹേതുക തിരുനാൾ ആഘോഷിച്ചു**

സാന്ത്വനം ചെയർമാൻ, മോൺ.തോമസ് കാക്കശ്ശേരി, ഡയറക്ടർ ഫാ.തോമസ് പൂപ്പാടി എന്നിവരുടെ നാമഹേതുക തിരുനാളുകൾ ആഘോഷിച്ചു.

**5. തിരുഹൃദയ പ്രതിഷ്ഠ നടത്തി**

തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് സാന്ത്വനം ഓഫീസ് വെഞ്ചിരിക്കുകയും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു. തുടർന്ന് സാന്ത്വനം ഓഫീസിലുള്ളവർക്കും സമീപ

സ്ഥാപനങ്ങളിലെ സ്റ്റാഫംഗങ്ങൾക്കും മധുരം വിതരണം ചെയ്തു.

**6. സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു**

അരണാട്ടുകര, വെണ്ടോർ എന്നീ ഇടവകകളിലെ സ്നേഹനിധി യൂണിറ്റുകളുടെ വാർഷിക പൊതുയോഗങ്ങൾ അതാത് യൂണിറ്റ് പാരിഷ്ഹാളിൽ വച്ച് നടത്തി. വികാരി ഫാ. ജോസ് തെക്കേക്കര, അസി.വികാരിമാരായ ഫാ. ജീൻ ചിറയത്ത്, ഫാ. ഡൺസ്റ്റൻ ഒല ക്കേങ്കിൽ, സി. ക്ലാരറ്റ് എഫ്.സി.സി., സി. ലിൻഡ റോസ് സി.എ ച്ച്.എഫ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സാന്ത്വനം അസി.ഡയറ ക്ടർ ഫാ.സിന്റോ തൊറയൻ യോഗങ്ങൾ ഉദ്ഘാടനം ചെയ്തു.

**7. അവലോകനയോഗവും സുവർണ്ണജൂബിലിയാഘോഷവും**

അവലോകനയോഗം സാന്ത്വനം ഹാളിൽവെച്ച് നടത്തപ്പെട്ടു. സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന "ബാലവേല" എന്ന വിഷ യത്തെക്കുറിച്ച് കോർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ ബോധവത്കരണ ക്ലാസ്സ് നടത്തി. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, ശിക്ഷാനടപടികൾ, ഇന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ബാലവേല ചൂഷണങ്ങൾ എന്നി വയെപ്പറ്റി ചർച്ചകൾ നടന്നു. എങ്ങനെയെല്ലാം ബാല വേലയ്ക്കെതിരെ നമുക്ക് പ്രതികരിക്കാമെന്നും നാടുകടത്തപ്പെ ടുന്ന കുട്ടികളെ എങ്ങനെ പുനരുജീവിപ്പിക്കാമെന്നും ശ്രീമതി. രമ്യ റോബിൻ വിശദീകരിച്ചു. തദവസരത്തിൽ വിവാഹത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന സാന്ത്വനത്തിന്റെ വൈസ് പ്രസിഡന്റ് ശ്രീ. സി.കെ പോളിനെ വികാരി ജനറാൾ മോൺ.തോമസ് കാക്കശ്ശേരി പൊന്നാടയണിച്ച് ആദരിക്കു കയും മെമന്റോ നൽകി അനുമോദിക്കുകയും ചെയ്തു.

**8. സഹായതുക കൈമാറി**

സേവ് എ ഫാമിലിയിൽ നിന്ന് ഗുണഭോക്തൃ കുടുംബത്തിന് നൽകുന്ന ചികിത്സ സഹായതുക വ്യക്തികൾക്ക് കൈമാറി. ചികി ത്സയിലായിരിക്കുന്ന വ്യക്തിയ്ക്ക് സാന്ത്വനം ഡയറക്ടർ ഫാ.തോ മസ് പൂപ്പാടി, FDP കോർഡിനേറ്റർ ശ്രീ. അഖിൽ തോമസ്, ആ നിമേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ അവരുടെ ഭവനം സന്ദർശിക്കുകയും സഹായതുക കൈമാറുകയും ചെയ്തു.

**9. ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം നടത്തി**

സാന്ത്വനത്തിന്റെ കുടുംബോദ്ധാരണ പദ്ധതിയായ ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഫണ്ട് സ്വരൂപിക്കലിന്റെ ഭാഗമായി കണ്ണം കുളങ്ങര ഇടവകയിൽ ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം നട ത്തി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി കുർബാന

യർപ്പിക്കുകയും സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

**10. സ്നേഹനിധി മോണിറ്ററിംഗ് വിസിറ്റ് നടത്തി**

സ്നേഹനിധി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി, ചേലക്കര സ്നേഹനിധി യൂണിറ്റിൽ മോണിറ്ററിംഗ് വിസിറ്റ് നടത്തി. പഴയതും പുതിയതുമായ എക്സിക്യൂട്ടീവ് അംഗങ്ങളെ സാന്ത്വനം അസി.ഡയറക്ടർ ഫാ. സിന്റോ തൊറയൻ കാണുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

**11. പുതിയ കുടുംബങ്ങളെ കണ്ടെത്തി**

സേവ് എ ഫാമിലിയുടെ കുടുംബോദ്ധാരണപദ്ധതിയായ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ രണ്ട് ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, FDP കോർഡിനേറ്റർ ശ്രീ. അഖിൽ തോമസ്, ആനിമേറ്റഴ്സ് എന്നിവർ മരത്താക്കര ഇടവകയിലെ രണ്ട് ഗുണഭോക്തൃ കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ വിവരങ്ങൾ ശേഖരിക്കുകയും, എഫ്. ഡി. പി. യെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുകയും ചെയ്തു.

**12. സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതി**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതിയിൽ ഇതുവരെ 327 അംഗങ്ങൾക്കായി 17,40,890/- കരുതൽ സഹായധനമായി നൽകി. 210 വിവാഹ സഹായവും 95 ചികിൽസാ സഹായവും, 22 മരണാനന്തര സഹായവും നൽകി.

**13. ഭവനസന്ദർശനം നടത്തി**

FDP ഗുണഭോക്തൃ കുടുംബങ്ങളിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, FDP കോർഡിനേറ്റർ ശ്രീ.അഖിൽ തോമസ് എന്നിവർ പടവരാട്, പുലക്കാട്ടുകര എന്നി ഇടവകയിൽ ഭവനസന്ദർശനം നടത്തി. ഇതോടൊപ്പം തന്നെ ഗുണഭോക്തൃ കുടുംബങ്ങളിലെ വാസയോഗ്യമല്ലാത്ത വീടുകൾ സന്ദർശിക്കുകയും അവരെ ഭവനപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉള്ള കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു. തുടർനടപടികൾക്ക് വേണ്ടിയുള്ള കാര്യങ്ങൾ ഡയറക്ടർ ഗുണഭോക്തൃ കുടുംബങ്ങളുമായി സംസാരിച്ചു.

**14. ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും.**

പാലയൂർ-Rs.8,000/-, ഇരവിമംഗലം-Rs.20,000/-, പൊന്നൂ

ക്കര–Rs.8,000/–, അരിമ്പൂർ–Rs.37,000/–, ഒളരി–Rs.10,000/–. മുളയം–Rs.15,000/–. പോന്നോർ–Rs.15,000/–, ചേറൂർ–Rs.9,000/–. നെല്ലിക്കുന്ന്–Rs.40,000/–, എടക്കളത്തൂർ–Rs.7,000/–. മരത്താക്കര–Rs.18,000/–, കണ്ണാറ–Rs.4,000/–, കുറ്റൂർ–Rs.13,000/–, പട്ടിക്കാട്–Rs.14000/–, പൂത്രയ്ക്കൽ–Rs.18,000/–, പടവരാട് –Rs.11,000/–, പെരിങ്ങോട്ടുകര–Rs.10,000/–, തലോർ–Rs.8,000/–. വില്ലടം –Rs.12,000/–, നടത്തറ–Rs.25,000/–, മനക്കൊടി–Rs.35,000/–, മുണ്ടൂർ–Rs.8,000/–, പറപ്പൂർ–Rs.5,000/–. കാച്ചേരി–Rs.3,000/–, എരനെല്ലൂർ–Rs.5,000/–.

**15. ലാവൻഡർ ആർമി മേജർമാരുടെ മീറ്റിംഗ്**

ലാവൻഡർ ആർമി മേജർമാരുടെ മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് ഡയറക്ടർ ഫാ.തോമസ് പൂപ്പാടിയുടെയും അസി.ഡയറക്ടർ ഫാ.സിന്റോ തൊറയന്റെയും സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി. കാൻസർ രോഗത്തെ എങ്ങനെ പ്രതിരോധിക്കാം, കുട്ടികളിലൂടെ എങ്ങനെ കാൻസർ ബോധവത്കരണം സമൂഹത്തിന് നൽകാം, സ്കൂളുകളിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനുള്ള മാർഗങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഡയറക്ടർ വിശദീകരിച്ചു. യോഗത്തിൽ മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് മേജർമാർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. മേജർമാരുടെ സംശയങ്ങൾക്കെല്ലാം ഡയറക്ടർ മറുപടി നൽകി.

**16. ഗോഡ്സ് ഓൺ ഫാമിലി – സെന്റർ ലെവൽ മീറ്റിങ്ങ്**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സെന്റർ ലെവൽ മീറ്റിങ്ങ് അരിമ്പൂർ, വില്ലടം, കാഞ്ഞാണി, പെരിങ്ങോട്ടുക്കര, ചാഴൂർ, കല്ലൂർ, ഒല്ലൂർ സാന്ത്വനം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. ആനിമേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെന്റർ ലെവൽ മീറ്റിങ്ങിൽ ആനിമേറ്റേഴ്സ് പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ നയിച്ചു.

**17. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു**

വേലുപ്പാടം–Rs.15,000/–, നടത്തറ–Rs.8,000/–, കോടന്നൂർ–Rs.32,693/–, പങ്ങാരപ്പിള്ളി–Rs.7000/–, തോന്നൂർക്കര–Rs.20,000/–, വില്ലടം–Rs.30,000/–, പുലാക്കോട്–Rs.44,560/–, അന്തിക്കാട് –Rs.19,745/–, കുറ്റൂർ–Rs.16,000/–. കാഞ്ഞാണി–Rs.15,800/–.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

**മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ**
**ജൂലായ് 20 ശനി (10.00 AM – 1.00 PM)**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും എന്നാൽ ദൈവത്തിന്റെ ദാനമായ കുഞ്ഞുങ്ങളെ ലഭിക്കാതെ വേദനിക്കുന്ന ദമ്പതികൾക്കുവേണ്ടിയുള്ള കൂട്ടായ്മ 2019 ജൂലായ് 20 ന് തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് രാവിലെ 10.00 മുതൽ 1.00 മണി ഉണ്ടായിരിക്കുന്നതാണ്. ഈ കൂട്ടായ്മയിലേക്ക് മക്കളില്ലാത്ത എല്ലാ ദമ്പതികളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**ആഗസ്റ്റ് 31 ശനി, 2.30 pm**

ജൂലായ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. സെപ്റ്റംബർ

മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ആഗസ്റ്റ് 31–ാം തിയ്യതി ശനിയാഴ്ച്ച ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

### പുതിയ നേതൃത്വം

കുടുംബകൂട്ടായ്മ യൂണിറ്റുകളിലെ ഇലക്ഷൻ പൂർത്തിയാക്കിയ ഇടവകകൾ ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയതമായ ഫോമിൽ പൂരിപ്പിച്ച് ഏൽപിക്കേണ്ടതാണ്. അതുപോലെ തന്നെ കുടുംബകൂട്ടായ്മ കേന്ദ്ര സമിതി ഇലക്ഷൻ കഴിഞ്ഞിട്ടുള്ളവരും അവരുടെയും പേരു വിവരങ്ങൾ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

| | | |
|---|---|---|
| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



## മാതൃവേദി

### സങ്കീർത്തന ഗാനാലാപന മത്സരം
### ആഗസ്റ്റ് 13 ചൊവ്വ (9.30 am – 1.00 pm)

മാതൃവേദി അംഗങ്ങൾക്കായി ഫൊറോന തലത്തിൽ നടത്തിയ സങ്കീർത്തന ഗാനാലാപന മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ യൂണിറ്റുക്കാർക്ക് അതിരൂപത തലത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ആഗസ്റ്റ് 13–ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 9.30 മുതൽ മത്സരം ആരംഭിക്കുന്നതാണ്. കൃത്യസമയത്തു തന്നെ മത്സാർത്ഥികൾ പേര് രജിസ്റ്റർ ചെയ്ത് ചെസ്റ്റ് നമ്പർ എടുക്കേണ്ടതാണ്. ഈ സങ്കീർത്തന ഗാനാലാപന മത്സരത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**
**ആഗസ്റ്റ് 13, ചൊവ്വ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ജൂലായ് മാസത്തിൽ നടത്തേണ്ടത് പുതുക്കാട്, മറ്റം എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

| **മേരി വിൻസെന്റ്** | **ജൂലി ബാബു** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |



## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| **ജെയിംസ് ആഴ്ചങ്ങാടൻ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|
| പ്രസിഡന്റ് | ഡയറക്ടർ |



# സി.എൽ.സി.

## 1. തൃശ്ശൂർ അതിരൂപത സി.എൽ.സി. ജനറൽ ബോഡി യോഗം

തൃശ്ശൂർ അതിരൂപത സി.എൽ.സി. യുടെ അർദ്ധ വാർഷിക ജനറൽ ബോഡി യോഗം പാസ്റ്ററൽ സെന്ററിൽ വെച്ചു കൂടുകയു ായി. അതിരൂപത ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, ഇടവക പ്രസിഡന്റുമാർ എന്നിവർ ഒത്തുചേർന്ന യോഗം അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ജോമി ജോൺസൺ അധ്യക്ഷത വഹിച്ച യോഗത്തിൽ സഭ വക്താവും പാസ്റ്ററൽ കൗൺസിൽ സക്രെട്ടറിയുമായ ഡോ. മേരി റജീന മുഖ്യാതിഥിയായി. 2019–2020 വർഷത്തെ യൂണിറ്റ് അഫലിയേഷൻ ഇടവകകൾ പുതുക്കുകയു ായി. സഭക്ക് നേരെ ഉ ായ കാർട്ടൂൺ വിവാദത്തിൽ യോഗം കടുത്ത അമർഷം രേഖപെടുത്തി.

## 2. അതിരൂപത വിശുദ്ധ ഇഗ്നേഷ്യസ് ലയോള ദിനാചരണം സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

സി എൽ സി തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജൂലൈ 28നു പുതുക്കാട് ഫൊറോന സി എൽ സി ആഥിത്യമരുളുന്ന അതിരൂപത തല വി. ഇഗ്നേഷ്യസ് ലയോള ദിനാചരണത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം 2019 ജൂലൈ 7നു പുതുക്കാട് സെന്റ് ആന്റണിസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് നടത്തുകയു ായി.

## 3. സഭാദിനം

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സഭാദിനത്തിൽ തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ചു. സി. എൽ. സി. സെക്രട്ടറി ജെസ്വിൻ സാജു, ട്രഷറർ ഐജോ പൊറത്തൂർ, ദീപ ജോയ്, സെലിൻ എന്നിവർ പങ്കെടുത്തു.

## 4. പ്രധാന തിയ്യതികൾ

ഓഗസ്റ്റ് 23 – അതിരൂപത സാഹിത്യ മത്സരം, മാർ ജോസഫ് കു ു കുളം പ്രസംഗ മത്സരം

ഓഗസ്റ്റ്–സെപ്തംബർ മാസങ്ങളിലായി ഫൊറോന തലത്തിലുള്ള

മരിയോത്സവം കലാമത്സരങ്ങൾ
സെപ്റ്റംബർ 13, 14, 15 – അഞ്ചാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ്.
ഒക്ടോബർ 2 – അതിരൂപത മരിയോത്സവം 2019

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ജെസ്വിൻ സാജു**
സെക്രട്ടറി




### 1. പ്രകൃതി പഠന ക്യാമ്പ്

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയുടെയും പുതുക്കാട് ഫൊറോനയുടേയും നേതൃത്വത്തൽ ചിമ്മിനി ഡാം വന്യജീവി സങ്കേത പ്രകൃതി പഠന യാത്രക്ക് കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷനായി. പുതുക്കാട് ഫൊറോന ഡയറക്ടർ റവ.ഡോ.ബേബി ഷെപ്പേർഡ് ഫ്ളാഗ് ഓഫ് ചെയതു. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ ട്രൈബൽ വിദ്യാർത്ഥിനി വൈഷ്ണവി ബാലകൃഷ്ണന് പുരസ്കാരം നൽകി ആദരിച്ചു.

### 2. പതാകദിനം

തൃശൂർ അതിരൂപതയുടെയും വടക്കാഞ്ചേരി ഫൊറോനയുടെയും നേതൃത്വത്തിൽ കരുമത്ര ഇടവകയിൽ കെ.സി.വൈ.എം. പതാകദിനാഘോഷം നടത്തി. കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. കരുമത്ര ഇടവക വികാരി ഫാ. ബെസ്റ്റിൻ കാക്കശ്ശേരി ആമുഖ പ്രഭാഷണം നടത്തി.

മുൻ ഇടവക കെ.സി.വൈ.എം. പ്രസിഡന്റുമാരെയും, പഞ്ചായത്തിലെ മികച്ച കർഷക വനിതയെയും ആദരിച്ചു.

**3. സമാധാന നടത്തം സംഘടിപ്പിച്ചു**

മതത്തിന്റെ പേരിലുള്ള അക്രമങ്ങളും ഭീകരവാദത്തിനും വർഗ്ഗീയതയ്ക്കുമെതിരെ മതേതരത്വം സംരക്ഷിക്കാൻ 'ലോക സമാധാനത്തിനായി' എന്ന ആശയം മുൻനിർത്തി കൊണ്ട് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 32 രൂപതകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് കാസർകോട് മുതൽ കന്യാകുമാരി വരെ നടത്തിയ സമാധാന സന്ദേശയാത്രയുടെ ഭാഗമായി സംസ്ഥാന സമിതി ആഹ്വാനം ചെയ്ത 'പീസ് വോക്ക്' എന്ന സമാധാന നടത്തം കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 7–ാം തിയ്യതി വൈകീട്ട് 4.30 ന് തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ വെച്ച് നടത്തുകയുണ്ടായി. വിവിധ ഫൊറോന ഭാരവാഹികളും, യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

**4. യുവജന ദിനാഘോഷം ലോഗോ പ്രകാശനം**

തൃശൂർ അതിരൂപതയിലെ എല്ലാ യുവജന സുഹൃത്തുക്കൾക്കും വേണ്ടി ആഗസ്റ്റ് 25ന് തൃശൂർ ഡി.ബി.സി.എൽ.സി.യിൽവെച്ച് നടക്കുവാൻ പോകുന്ന കെ.സി.വൈ.എം. യുവജന ദിനാഘോഷത്തിന്റെ ഭാഗമായ ലോഗോ പ്രകാശനം ദേശീയ മനുഷ്യാവകാശ ചെയർമാനും, ലോകായുക്തയും, സുപ്രീം കോടതി മുൻ ജസ്റ്റിസുമായ ശ്രീ. ജോസഫ് സാറും, തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവും സംയുക്തമായി ഉദ്ഘാടനം ചെയ്തു. യുവജന ദിനാഘോഷത്തിന്റെ ഓഫീസ് ഉദ്ഘാടനം തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. **5. ഫോർമേഷൻ ക്യാമ്പ്**

തൃശൂർ അതിരൂപതയിലെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം., സി.എൽ.സി., ജീസസ് യൂത്ത് അതിരൂപത ഭാരവാഹികൾക്കുവേണ്ടി ഫോർമേഷൻ ക്യാമ്പ് നടത്തി. പാലയൂരിലെ സെന്റ് തോമസ് തീർത്ഥാടനകേന്ദ്രത്തിൽനിന്ന് പ്രാർത്ഥനയോടുകൂടെ ആരംഭിച്ചു. തുടർന്ന് സാന്ത്വനം ഹാളിൽ വി. കുർബാനയും ക്ലാസും നടന്നു.

**6. ലൂർദ്ദ് ഫൊറോന ജനറൽ ബോഡി**

കെ.സി.വൈ.എം. ലൂർദ്ദ് ഫൊറോനയുടെ ജനറൽ ബോഡി ജൂലൈ

7 ന് ഉച്ചയ്ക്ക് 3 മണിക്ക് ലൂർദ്ദ് ഫൊറോനയിൽവെച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




# ചിൽഡ്രൻസ് മിനിസ്ട്രി

## 1. പുതിയ പ്രവർത്തനകാല ഉദ്ഘാടനം

2019 ജൂൺ 22–ാം തിയതി ശനിയാഴ്ച ഡി.ബി.സി.എൽ.സി.യിൽ വച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തനകാല ഉദ്ഘാടനവും ആനിമേറ്റേഴ്സ് ലീഡേഴ്സ് സംഗമവും നടത്തി. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും ചിൽഡ്രൻസ് മിനിസ്ട്രി സംഘടനയിലെ കുട്ടികളെയും ആനിമേറ്റേഴ്സിനേയും പ്രോൽസാഹിപ്പിക്കുകയും സജ്ജീവമായി പ്രവർത്തിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകി പുതിയ പ്രവർത്തന കാലഘട്ടത്തിന്റെ പുസ്തക പ്രകാശനം നടത്തി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ അദ്ധ്യക്ഷനായി. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ വാർഷിക പ്രോഗ്രാം അവതരിപ്പിച്ചു. തുടർന്ന് ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ആനിമേറ്റേഴ്സിനുവേണ്ടിയും റവ. ഫാ. അനുവിൻ താണിക്കൽ കുട്ടികളുടെ ലീഡേഴ്സിനുവേണ്ടി ക്ലാസെടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ആരംഭിച്ച മീറ്റിങ്ങിൽ അതിരൂപത 2019–2020 വർഷത്തേക്ക് ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ അതിരൂപത, ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ആനിമേറ്റഴ്സിനും ലീഡേഴ്സിനും മംഗളങ്ങൾ നേരുകയും ചെയ്തു. ഏകദേശം 240 ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിങ്ങിൽ പങ്കെടുത്തു.

**2. അൾത്താരസംഘം**

അൾത്താരസംഘം കുട്ടികൾ അവരുടെ മദ്ധ്യസ്ഥനായ വി ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ആഗസ്റ്റ് 13 ന് ആചരിക്കുന്നു. ഇടവകതലത്തിൽ മധ്യസ്ഥന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം കുട്ടികൾ ഒരുമിച്ചു കുർബ്ബാന മദ്ധ്യേ കാഴ്ചസമർപ്പണം നടത്താനും, മീറ്റിംങ്ങ് കൂടാനും പതാകദിനം നടത്താനും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

**3. അതിരൂപതാ മത്സരങ്ങൾ**

സ്കൂൾ, ഇടവക എന്നിങ്ങനെ വ്യത്യാസപ്പെടുത്തിയാണ് ഈ വർഷത്തെ തിരുബാലസംഖ്യം മത്സരങ്ങൾ നടത്തപ്പെടുന്നത്. തിരുബാലസഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. സ്കൂൾ–തിരുബാലസഖ്യ മത്സരങ്ങൾ രൂപതാതലത്തിൽ **2019 സെപ്റ്റംബർ 21 ശനിയാഴ്ച**യായിരിക്കും. ഇടവക തിരുബാലസഖ്യം മത്സരങ്ങൾ ഫൊറോന തലത്തിലും രൂപതാതലത്തിലും മത്സരിക്കേണ്ടതാണ്. **അതിരൂപതാ തല മത്സരം 2019 നവംബർ 9 ശനിയാഴ്ച** ആയിരിക്കും നടക്കുക. ഫൊറോന നിർദ്ദേശങ്ങൾ നൽകിയിരിക്കുന്ന നോട്ടീസിൽ ഫൊറോനതല മത്സരങ്ങൾക്ക് മേക്കപ്പിന് മാർക്കില്ല എന്നത് മാറ്റി ഫൊറോനതല മത്സരങ്ങൾക്ക് മേക്കപ്പിന് മാർക്ക് വേണമോ/വേണ്ടയോ എന്നത് ഫൊറോന പ്രൊമോട്ടറച്ചനും ആനിമേറ്റേഴ്സിനും കൂടി തീരുമാനിക്കാവുന്നതാണ്. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു.

**4. ബൈബിൾ പൂക്കളേഴ്സ് 2019**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി **2019 സെപ്റ്റംബർ 9–ാം തിയ്യതി തിങ്കളാഴ്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ** വെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു. 12–ാംക്ലാസ്സും അതിന് താഴെ ഉള്ള കുട്ടികളുമാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ **ആഗസ്റ്റ് 20** ന് മുമ്പായി പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.

**5. നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ടീമിൽ 7 പേർ കവിയരുത്.

3. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.

4. ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കി വേണം പൂക്കളം നിർമ്മിക്കാൻ.

5. 20% പൂവ്, 80% എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്തുനിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.

6. രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.

7. രാവിലെ 8.50 ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക

8. ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങളും കൂടാതെ 10 പ്രോത്സാഹ സമ്മാനങ്ങളും നൽകുന്നു. പങ്കെടുക്കുന്ന യൂണിറ്റുകൾ എത്രയും വേഗം രജിസ്റ്റർ ചെയ്യുക.

6. **പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

- തിരുവചനപഠനം: **വത്സലമക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ** (എഫേസൂസ് 5, 1)
- സുകൃതജപം: **പരിശുദ്ധ അമ്മേ മാതാവേ ഞങ്ങൾക്ക് തുണയായിരിക്കേണമേ!**
- പ്രാർത്ഥനാനിയോഗം: **ലോക സമാധാനത്തിനായി പ്രാർത്ഥിക്കുക.**
- പ്രവർത്തനം: **കൂട്ടുകാരോട് സൗമ്യതയോടെ പെരുമാറുക**
- പരിചയപ്പെടുന്ന വിശുദ്ധൻ: **വി. ജോൺ ബർക്കുമൻസ്** (ആഗസ്റ്റ് 13)

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ



# കത്തോലിക്ക കോൺഗ്രസ്

**1. വികലമായ കാർട്ടൂണിനെതിരെ പ്രതിഷേധം**

സ്വതന്ത്ര ആവിഷ്ക്കാരത്തിന്റെ പേരിൽ മതനിന്ദക്ക് ഹേതുവായ വികലമായ കാർട്ടൂൺ പിൻവലിക്കുകയും ലളിതകല അക്കാദമി നൽകിയ അവാർഡ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും തൃശൂരിൽ റാലിയും ധർണ്ണയും സംഘടിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ, അഡ്വ. ബിജു പറയനിലം എന്നിവർ പങ്കെടുത്തു.

**2. ഫൊറോനയിൽ സെന്റ് തോമസ് ദിനാചരണവും, മെറിറ്റ്ഡേയും**

വിവിധ ഫൊറോനകളിൽ തോമസ് നാമധാരികളുടെ സംഗമവും അക്കാദമിക് മികവു പുലർത്തിയ വ്യക്തികൾക്കുള്ള മെറിറ്റ്ഡേയും സംഘടിപ്പിച്ചു. വിവിധ ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി.

**3. യൂണിറ്റ് രൂപീകരണം തുടരുന്നു**

ഫൊറോന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് രൂപീകരണം തുടരുന്നു. സമ്പൂർണ്ണ യൂണിറ്റ് പ്രഖ്യാപനത്തിലേയ്ക്കുള്ള പ്രയാണം തുടരുന്നു.

**4. ആനുകാലിക പ്രതികരണങ്ങൾ, ചർച്ചകൾ**

വിദ്യാഭ്യാസ മേഖല, സംവരണമേഖല, സംസ്ക്കാരിക മേഖലകളിലെ പൊതുവികാസങ്ങളിൻ മേലുള്ള ചർച്ചകളും പ്രതികരണങ്ങളും നടത്തി.

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സെൻട്രൽ കൗൺസിൽ വാർത്തകൾ

കോൺഫ്രൻസ് ഭാരവാഹികൾക്കുവേണ്ടി മേഖലാ തലത്തിൽ ജൂൺ 9, 16, 23, 30 തീയതികളിലായി പരിശീലന ക്ലാസ്സുകൾ വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ച് നടത്തി. ബ്ര. കെ. കെ പോൾസൺ, ബ്ര. പി. ഐ. ജോസഫ്, ബ്ര. ബേബി തെക്കൻ എന്നിവർ ക്ലാസ്സെടുത്തു. സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിൻസെൻഷ്യൻ യുവ ജന ദിനത്തോടനുബന്ധിച്ച് സന്നദ്ധ രക്തദാന ക്യാമ്പും, സൗജന്യ ഫലവൃക്ഷതൈ വിതരണവും നടത്തി. പ്രസ്തുത പരിപാടികൾ സി. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. റോയ് മൂക്കൻ ഉദ്ഘാടനവും, സി. സി. പ്രസിഡണ്ട് കെ. എ. ഷിബു അദ്ധ്യക്ഷതയും, നാഷണൽ കൗൺസിൽ യൂത്ത് പ്രതിനിധി ബ്ര. അബിൽ മൈക്കിൾ സന്ദേശവും നൽകി. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി രണ്ടാംഘട്ട പ്രൊജക്ടുകൾ നാഷണൽ കൗൺസിലിന് സമർപ്പിച്ചു. മാർ. ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാളിൽ സെൻട്രൽ കൗൺസിൽ ഭാരവാഹികൾ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

ഫാ. റോയ് മൂക്കൻ
ആദ്ധ്യാത്മികോപദേഷ്ടാവ്

കെ. എ. ഷിബു
പ്രസിഡണ്ട്

കെ. കെ. പോൾസൺ
സെക്രട്ടറി



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 696–ാമതും, തൃശൂർ കൂരിയായുടെ 747–ാമതും സമ്മേളനം 2019 ജൂലായ് 7 ഞായറാഴ്ച പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ സെന്ററിൽ കൂടി. ബ്ര. പ്രസിഡന്റ് നിയമഗ്രന്ഥത്തിൽ നിന്ന് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി മുൻമാസ റിപ്പോർട്ടും, ട്രഷറർ മുൻമാസ വരവു ചിലവു കണക്കും അവതരിപ്പിച്ചത് അംഗീകരിച്ചു. വെള്ളാറ്റഞ്ഞൂർ പള്ളിയിൽ പുതിയ പ്രസീദിയം ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു. മുൻമാസ നിശ്ചയപ്രകാരം ബ്ര. ജേക്കബ് പാലയൂർ (മുല്ലശ്ശേരി) ഭാരവാഹികളുടെ ചുമതലയെക്കുറിച്ചും, ബ്ര. ജോഷി പി.എ. (കണ്ടശ്ശാംകടവ്) സൈനീകരുടെ അംഗത്വത്തെക്കുറിച്ചും ക്ലാസ്സ് നയിച്ചു.

ജൂലായ് മാസത്തിൽ എല്ലാ പ്രസീദിയങ്ങളിലും, ആഗസ്റ്റ് മാസത്തിൽ എല്ലാ കൂരിയകളിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി പ്രത്യേകം തയ്യറാക്കിയ ഫോമിൽ ഭാരവാഹികൾ നാലുപേരുടെയും, ആദ്ധ്യാത്മിക നിയന്താക്കളുടേയും ഫോട്ടോ ഒട്ടിച്ച് ഫോറം എഴുതി കമ്മീസിയത്തിൽ ഏല്പിക്കണമെന്ന് പ്രസിഡന്റ് അറിയിച്ചു. ഫോറം അതാതു കൂരിയ ഭാരവാഹികളിൽ നിന്ന് ലഭിക്കുന്നതാണ്.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനേയും, ജനനത്തിരുനാളിനേയും അനുസ്മരിച്ചുകൊണ്ട് നടത്തിവരുന്ന ഏകദിന ആരാധന ആഗസ്റ്റ് 10 ശനിയാഴ്ച 9.30 മുതൽ 4.00 വരെ അതിരൂപത ഫാമിലി അപ്പസ്റ്റോലെറ്റ് സെന്ററിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. ആരാധന, മരിയൻ സന്ദേശം, വി. കുർബാന ഉണ്ടായിരിക്കും. എല്ലാ ലീജിയൻ അംഗങ്ങളും ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നതിനായി ബൈബിളിലെ സങ്കീർത്തന ഭാഗം കൊണ്ടുവരണമെന്ന് ആദ്ധ്യാത്മിക നിയന്താവ് പ്രത്യേകം ഓർമ്മപ്പെടുത്തി.


കമ്മീസിയത്തിന് കീഴിലുള്ള കൂരിയകളിലേയും, പ്രസിദീയങ്ങളിലേയും ഉദ്യോഗ ഭാരവാഹികൾക്കായി നടത്തുന്ന അർദ്ധദിന സെമിനാർ മരിയ സൈനീകരുടെ സൗകര്യാർത്ഥം സെപ്റ്റംബർ 29 എന്നത് മാറ്റി – 2019 സെപ്റ്റംബർ 1–ാം തിയതി ഞായറാഴ്ച 2 മുതൽ 5 വരെ സമ

യത്ത് അതിരൂപത പാസ്റ്ററൽ സെന്ററിലുള്ള മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ ഹാളിൽവെച്ച് നടത്തുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചു. ഏതെങ്കിലും ഭാരവാഹി ഹാജരാകാൻ സാധിക്കാത്തപക്ഷം ഭാരവാഹിയല്ലാത്തവരെകൂടി കൊണ്ടുവരാവുന്നതാണ്.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മികനിയന്താവ്

**കെ.പി. ജോയ്**
പ്രസിഡന്റ്

**പി.സി. കുരിയപ്പൻ**
സെക്രട്ടറി




**1. യൂണിറ്റ് സെമിനാറുകൾ**

യൂണിറ്റ് സെമിനാറുകൾ ആഗസ്റ്റ് ഒന്നിന് ആരംഭിക്കുന്നു. എല്ലാ യൂണിറ്റുകളിലും സെമിനാറുകൾ നടത്താൻ ആനിമേറ്റർമാർ ശ്രദ്ധിക്കണം.

**2. മദർ തെരേസ ദിനം ഏകദിന ശില്പശാല**

ഈ വർഷത്തെ മദർ തെരേസ ദിനവും പ്രോലൈഫ് ദിനവും ഏകദിന ശില്പശാലയും ആഗസ്റ്റ് 23ന് തൃശൂർ സെന്റ് തോമസ് കോളേജ് HSS ൽ വച്ച് നടക്കുന്നു. അതിരൂപതാ **KCSL** ന്റെ വസ്ത്രശേഖരണ വിതരണോദ്ഘാടനവും അന്നു നടക്കുന്നു. ഉപയോഗിക്കാവുന്ന പഴയവസ്ത്രങ്ങൾ (അലക്കി തേച്ചവ) സ്കൂൾതലത്തിൽ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്. ആവശ്യക്കാരെ ലഭിക്കാത്തപക്ഷം അന്നേദിവസം അവ കൊണ്ടുവന്ന് ഏല്പിക്കുക.
സ്റ്റഡിസർക്കിൾ ശില്പശാലയാണ് ഏകദിനശില്പശാലയിൽ ഒരുക്കുന്നത്. മത്സരാർത്ഥികളും മറ്റ് വിദ്യാർത്ഥി ഭാരവാഹികളും **KCSL** ആനിമേറ്റർമാരും ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്.

**3. സ്കോളർഷിപ്പുകൾ**

**KCSL** ന്റെ വിവിധ സ്കോളർഷിപ്പുകൾക്ക് നിശ്ചിത ഫോമിൽ അപേക്ഷകൾ നൽകേണ്ട അവസാന ദിവസം ആഗസ്റ്റ് 23 ആണ്.

വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### 4. സാഹിത്യ കലോത്സവങ്ങൾ

സാഹിത്യ കലോത്സവങ്ങൾക്ക് ഫോമുകൾ നൽകേണ്ട അവസാന ദിനം ആഗസ്റ്റ് 23 ന്. വൈകി ലഭിക്കുന്നവ പരിഗണിക്കാനാവില്ല.

### 5. കൂപ്പൺ – കലോത്സവ ട്രോഫികൾ – ബൊക്കെ

കൂപ്പൺ പണം അടച്ചു തീർക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 23 ആണ്. കലോത്സവട്രോഫികളും ആഗസ്റ്റ് 23 ന് മുൻപ് തിരിച്ചു നൽകേണ്ടകാണ്. രണ്ടാം ലക്കം ബൊക്കെ അന്ന് വിതരണം ചെയ്യും. ആനിമേറ്റർമാർ അത് കൈപ്പറ്റേണ്ടതാണ്.

### 6. ശതാബ്ദി പ്രത്യേക പരിപാടി

**KCSL** അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് ഓരോ യൂണിറ്റുകളും ഒരു പ്രത്യേക പരിപാടി വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കേണ്ടതാണ്. അവയുടെ വിശദാംശങ്ങൾ ആഗസ്റ്റ് 23ന് മുൻപ് അതിരൂപതയെ അറിയിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല ശതാബ്ദി പരിപാടിക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. പരിപാടിയുടെ വിശദാംശങ്ങൾ നേരത്തെ (പരിപാടി നടക്കുന്നതിനുമുമ്പ്) അറിയിക്കേണ്ടതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ




## സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

* സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അടുപ്പൂട്ടിയിലെ അയൽക്കൂട്ട അംഗങ്ങളിൽ ഭവനരഹിതരായ 12 പേർക്ക്ചിറ്റിലപ്പിള്ളി ചെമ്മണൂർ ദേവസി അന്നം സ്മാരക ഗ്രാത്തിലെ സ്ഥലം 3 സെന്റ്

വീതം വീട് വയ്ക്കുവാൻ സൗജന്യമായി രജിസ്റ്റർ ചെയ്തു കൊടുത്തു.

* സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ട അംഗങ്ങളുടെ സ്നേഹസംഗമം 2019 എന്ന പേരിൽ ഒരു കൂട്ടായ്മ 24–03–2019ൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് സമുചിതമായി ആഘോഷിച്ചു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സിന്റോ തൊറയൻ അദ്ധ്യക്ഷത വഹിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ആമുഖപ്രഭാഷണം നടത്തി. പ്രസിഡന്റ് ശ്രീ. ജോബ് ചിറമൽ ആശംസ പ്രസംഗം നടത്തി. SSLC, +2 പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും, ട്രോഫിയും നൽകി.
* കൊട്ടേക്കാട് മാർ കുണ്ടുകുളം സ്മാരക ഗ്രാമത്തിന്റെ 18–ാം വാർഷികം 26–04–2019 ൽ ആഘോഷിച്ചു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ചു. കോലഴി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉണ്ണിക്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.
* ചിയ്യാരം ഏ. ഡി. എസ്. ന്റെ നേതൃത്വത്തിൽ 50 പേരടങ്ങുന്ന സംഘം, തൃപ്രയാർ വിമാൾ, പുന്നത്തൂർകോട്ട, പാലയൂർ തീർത്ഥാടനകേന്ദ്രം, ചാവക്കാട് ബീച്ച്, മുണ്ടൂർ പള്ളി എന്നിവിടങ്ങളിലേക്ക് ടൂർ നടത്തി.
* 18–05 ൽ 2 മണിക്ക് CDS യോഗം നടന്നു. CDS റിപ്പോർട്ട്, ADS റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.
* 3.30ന് സ്ലം സർവ്വീസ് സെന്ററിന്റെ ഡയറക്ടർ ഫാ. സിന്റോ തൊറയന്റെ നേതൃത്വത്തിൽ ഒരു എക്സിക്യൂട്ടീവ് കമ്മറ്റി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഭാവിപ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.
* 26–5–2019ൽ കുരിയച്ചിറ അയൽക്കൂട്ടങ്ങളുടെ 22–ാമത് ADS വാർഷികം ആഘോഷിച്ചു.

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

## 1. പരിശുദ്ധാത്മാഭിഷേക കൺവൻഷൻ

പെന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ജൂൺ 5 മുതൽ 9 വരെ ആബാ റിന്യൂവൽ സെന്ററിൽ പരിശുദ്ധാത്മാഭിഷേക കൺവൻഷൻ നടന്നു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, മാർ ടോണി നീലങ്കാവിൽ പിതാവ്, വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി, മുൻ കെ.എസ്.ടി ചെയർമാൻ ഫാ. ഷാജൻ തേർമഠം എന്നിവർ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഫാ. സജീവ് ഇമ്മട്ടിയും സോണൽ സർവീസ് ടീമും നേതൃത്വം നൽകി.

## 2. നേതൃത്വ പുന:ക്രമീകരണം

പ്രാർത്ഥനാഗ്രൂപ്പുകളുടെ കോർടീം പുന:ക്രമീകരണവും പുതിയ ലീഡർമാരെ കണ്ടെത്തലും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ഒക്ടോബർ മാസത്തിൽ സബ്സോൺ (ഫൊറോന) തലത്തിലും ജനുവരി മാസത്തിൽ സോൺ (അതിരൂപത) തലത്തിലും പുതിയ നേതൃത്വത്തെ പ്രാർത്ഥനാപൂർവ്വം കണ്ടെത്തുന്നതിന് കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശപ്രകാരം തീരുമാനിച്ചിരിക്കുന്നു.

## 3. നേതൃസംഗമം – 2019

പുതിയ പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ്, കഴിഞ്ഞ ടേമിലെ പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ്, സബ്സോൺ –മിനിസ്ട്രി സർവീസ് ടീമുകൾ എന്നിവരുടെ സംഗമം സെപ്റ്റംബർ 14 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നു.

## 4. സബ്സോൺ സർവീസ് ടീം ട്രെയിനിംഗ്


പുതിയ സബ്സോൺ സർവീസ് ടീം അംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ നവംബർ 8 വെള്ളി വൈകീട്ട് 5 മുതൽ നവംബർ 9 ശനി വൈകീട്ട് 5 വരെയും നവംബർ 15 വെള്ളി വൈകീട്ട് 5 മുതൽ നവംബർ 16 ശനി വൈകീട്ട് 5 വരെയും നടത്തുന്നതാണ്.

**5. പാരിഷ് മിനിസ്ട്രി പരിശീലന പരിപാടി**

പാരിഷ് മിനിസ്ട്രിയുടെ പരിശീലന പരിപാടികൾ നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തും. വചന പ്രഘോഷകർക്കും സ്പിരിച്വൽ കൗൺസലിംഗ് നടത്തുന്നവർക്കും പ്രത്യേകം ബാച്ചുകൾ ഉണ്ടായിരിക്കും.

**സാബു എം. വർഗീസ്**
കോ–ഓർഡിനേറ്റർ

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ



# അതിരൂപത ഗായകസംഘം

**വി. എഫ്രേമിന്റെ തിരുനാൾ ആഘോഷവും അർദ്ധദിന സെമിനാറും**

ദൈവാലയ ഗായകരുടെ മധ്യസ്ഥനായ വി. എഫ്രേമിന്റെ തിരുനാൾ ആഘോഷത്തോടനുബന്ധിച്ച് അതിരൂപതയിലെ മുഴുവൻ ഗായക സംഘാംഗങ്ങൾക്കായി ഒരു അർദ്ധദിന സെമിനാർ ആർച്ച്ബിഷപ്സ് ഹൗസിൽ നടത്തി. മോൺ. ജോസ് വല്ലൂരാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. പോൾ പുളിക്കൻ അധ്യക്ഷനായിരുന്നു. പ്രശസ്ത ക്രിസ്തീയ ഗാനരചയിതാവും സംഗീതജ്ഞനുമായ ശ്രീ. ബേബി ജോൺ കലയന്താനി ക്ലാസ്സ് നയിച്ചു. ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരാണ് ദൈവാലയ ഗായകർ. അൾത്താരയ്ക്കും ദൈവജനത്തിനും ഇടയിൽ ദൈവസ്തുതികൾ പാടുന്ന മാലാഖമാരോടൊപ്പമാണ് ദൈവാലയഗായകരുടെ സ്ഥാനമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അസി. ഡയറക്ടർ ഫാ. ജെയ്സൻ വടക്കേത്തല ശ്രീ.കലയന്താനിക്ക് ഉപഹാരം സമർപ്പിച്ചു. സൂര്യ ടി.വി.യിലെ ടോപ് സിംഗർ താരവും ഗായകസംഘാംഗവുമായ കുമാരി ഏയ്ഞ്ചൽ മരിയയെ ഉപഹാരം നൽകി അനുമോദിച്ചു. ഗായകസംഘം അതിരൂപത പ്രസിഡന്റ് ശ്രീ. ടോമി പന്ത്രണ്ടേൽ സ്വാഗതവും വൈസ് പ്രസിഡന്റ് ശ്രീമതി ഷീല ജോൺസൻ നന്ദിയും പറഞ്ഞു.

**ടോമി പന്ത്രണ്ടേൽ**
പ്രസിഡന്റ്

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ




### 1. എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം

ഈ വർഷം രണ്ട് പുതിയ സ്പോൺസർഷിപ്പ് പ്രോഗ്രാം, എക്സൽ അക്കാദമി ആരംഭിക്കുന്നു. എല്ലാ ഇടവകകളും, ഏതെങ്കിലും ഒരു സ്കീമിൽ പങ്കെടുത്തുകൊണ്ട്, ആത്മാർത്ഥമായി സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Life Benefactor: പത്ത് വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിപ്രകാരം, എല്ലാവർഷവും മൂന്ന് കുട്ടികൾക്ക് സൗജന്യ പഠനത്തിന് (GST ഒഴികെ) അവസരം നൽകുന്നു. ഈ പദ്ധതിയിലൂടെ 10 വർഷം കൊണ്ട് 30 കുട്ടികളെ സഹായിക്കാനാകും. 50,000/– രൂപയാണ് നിക്ഷേപത്തുക. കാലാവധി 10 വർഷം. ഓരോ വർഷവും പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പാവപ്പെട്ട കുട്ടികളെ വികാരിയച്ചന്മാർക്കു നിർദ്ദേശിക്കാവുന്നതാണ്.

Angel Benefactor: ഈ പദ്ധതിയും 10 വർഷം കാലാവധിയുള്ളതാണ്. ഓരോ വർഷവും ഒരുകുട്ടിക്ക് സൗജന്യ പഠനത്തിന് (GST ഒഴികെ) അവസരം നൽകുന്നു. പത്തുവർഷം കൊണ്ട് 10 കുട്ടികളെ സഹായിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും. 25,000/– രൂപയാണ് നിക്ഷേപത്തുക. ഓരോ വർഷവും പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പാവപ്പെട്ട കുട്ടികളെ വികാരിയച്ചന്മാർക്കു നിർദ്ദേശിക്കാവുന്നതാണ്. പദ്ധതിയിൽ ചേരേണ്ട അവസാന തിയതി 2019 സെപ്തംബർ 30. കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585 (Off), 9846905210 (Director)

### 2. സിവിൽ സർവീസ് എൻട്രൻസ് പരീക്ഷ

എക്സൽ അക്കാദമി സിവിൽ സർവീസ് പഠനത്തിന് സ്കോളർഷിപ്പുകൾ അനുവദിക്കുന്നു. ഡിഗ്രി, പി.ജി., ബിടെക് ബിരുദധാരികൾക്ക് മാത്രമായി 2019 ജൂലായ് 21ന്, ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ വെച്ച് നടത്തിയ പരീക്ഷയിൽ ധാരാളം പേർ പങ്കെടുത്തു. ഈ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് റാങ്ക് അടിസ്ഥാനത്തിൽ 25% മുതൽ 100% വരെ എക്സൽ അക്കാദമിയിലെ സിവിൽ സർവീസ് പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. തെരഞ്ഞെടുക്കുന്ന 10 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സൗജ

ന്യ സിവിൽ സർവീസ് കോച്ചിങ്ങും അനുവദിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657

**3. Excel Med. / Eng. Entrance Repeater Batch**

2019 –20 വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള Med./ Eng. Entrance, Repeater Batch ക്ലാസുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**4. Excel Plus I & Plus II, Med./Eng. Entrance** Class

2019 –20 വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന Plus I & Plus II കുട്ടികളുടെ ട്യൂഷൻ പ്ലസ് എൻട്രൻസ്, മോർണിങ്ങ്, സൺഡെ ഹോളിഡേ ക്ലാസുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**5. Excel K - TET Class**

എക്സൽ അക്കാദമിയുടെ Excel K - TET 1, 2, 3, 4 കാറ്റഗറികളിലേക്കുള്ള ക്ലാസുകൾ ആരംഭിച്ചു അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ



## അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

1. പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾ 2018

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾക്ക് 2019 ആഗസ്റ്റ് 31ന് തൃശ്ശൂർ സെന്റ് തോമസ് മെഡ്‌ലിക്കോട്ട് ഹാളിൽ ഉച്ചക്ക് 2ന് ചേരുന്ന അതിരൂപത മാധ്യമദിനത്തിൽ മാർ ആൻഡ്രൂസ് താഴത്ത് സമ്മാനദാനം നിർവഹിക്കും.

**എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

ഒന്നാം സമ്മാനം : കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം : ബ്രിഡ്ജ് – വലപ്പാട്
മൂന്നാം സമ്മാനം : സ്നേഹദൂത് – നെല്ലിക്കുന്ന്
മാർതോമാദീപ്തി – മറ്റം

പ്രോത്സാഹനസമ്മാനം

1. വിശ്വാസപ്രഭ – പാലയൂർ
2. തിരുഹൃദയനാദം – പെരിഞ്ചേരി
3. വിശ്വാസദീപ്തി – കാഞ്ഞാണി
4. മരിയൻ വോയ്സ് – ചിറ്റിശ്ശേരി
5. മേരി നാദം – ഒല്ലൂർ ഏയ്ഞ്ചൽ നഗർ

**ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ**

ഒന്നാം സമ്മാനം : മരിയൻ വോയ്സ് – തയ്യൂർ
രണ്ടാം സമ്മാനം : പ്രേഷിതനാദം – ചേലക്കര
മൂന്നാം സമ്മാനം : സാൻജോ പൾസ്– അമലനഗർ
സ്നേഹദൂത് – പൂങ്കുന്നം

പ്രോത്സാഹനസമ്മാനം

1. മരിയരശ്മി – നന്തിപുലം നോർത്ത്

**കവർ**

ഒന്നാം സമ്മാനം : പാരിഷ് വോയ്സ് – നെല്ലങ്കര
രണ്ടാം സമ്മാനം : സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി
ടച്ച് മീ – കുന്നംകുളം
മൂന്നാം സമ്മാനം : മാർതോമാ ദീപ്തി –
മറ്റം വോയ്സ് – വടക്കാഞ്ചേരി

**എഡിറ്റോറിയൽ**

ഒന്നാം സമ്മാനം : ആമ്മേൻ – നോർത്ത് കാരമുക്ക്
(പാവുണ്ണി കാരമുക്ക്)
പാദുവാനാദം – പാറേമ്പാടം (ഫെമിൻ മാത്യു)
രണ്ടാം സമ്മാനം : ജോസഫ് ജ്യോതി – വേലൂപ്പാടം
(സി. കെ. ആന്റണി)
ഫ്ളവർ വോയ്സ് – എറവ്
ജീവൻപ്രഭ – പാലക്കൽ (പി. സി. ജോസ്)

| | | |
|---|---|---|
| മൂന്നാം സമ്മാനം | : | മരിയൻ വോയ്സ് – ചിറ്റിശ്ശേരി (ജോസഫ് ചാക്കേരി) |
| | | പൗളിൻ നാദം – തൈക്കാട്ടുശ്ശേരി |

**ലേ ഔട്ട്**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | : | ബ്രിഡ്ജ് – വലപ്പാട് |
| മൂന്നാം സമ്മാനം | : | ഷാലോം – അരണാട്ടുകര |
| | | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |

**ഫീച്ചർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | ജിസി അമല, സാന്റോസ് പൾസ് – അമലനഗർ |
| രണ്ടാം സമ്മാനം | : | സൈമൺ വേലൂക്കാരൻ, നിത്യജ്യോതി– വിയ്യൂർ |
| | | മാർതോമാ ദീപ്തി – മറ്റം |
| മൂന്നാം സമ്മാനം | : | റോസി ജോൺ കാട്ടൂക്കാരൻ, യേശു നാദം–ഒല്ലൂർ |

**കവിത**

| | |
|---|---|
| ഒന്നാം സമ്മാനം | – ഫ്രാൻസിസ് തലക്കോട്ടൂർ, സ്നേഹദൂത് – പൂങ്കുന്നം |
| | – ആൻ റിയ റോയ്, കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ |
| രണ്ടാം സമ്മാനം | – ലൂസി ജോൺ, വിജയമാത – ചിയ്യാരം |
| | – ഡോണ തോമസ്, പാദുവാദീപം –മണ്ണുത്തി |
| മൂന്നാം സമ്മാനം | – ചാക്കോച്ചൻ ബാബു, ലിറ്റിൽ വോയ്സ് – വടൂക്കര |
| | – ഡാഫ്നി ജോയ്, പാദുവാനാദം –പാറേമ്പാടം |

**ലേഖനം**

| | |
|---|---|
| ഒന്നാം സമ്മാനം | – ജോൺ തേറാട്ടിൽ, നിത്യജ്യോതി – വിയ്യൂർ |
| രണ്ടാം സമ്മാനം | – ജാൻസി പോൾ, മാർതോമാദീപ്തി – മറ്റം |
| | – ഷെറിൻ റോസ്, കർമ്മലദീപ്തി – ചേറ്റുപുഴ |
| മൂന്നാം സമ്മാനം | – ഫ്രാൻസിസ് മുത്തിപ്പീടിക, തിരുഹൃദയനാദം– പെരിഞ്ചേരി |
| | – ജോയ്സ് തോംസൺ തച്ചിൽ, ടച്ച് മീ – കുന്നംകുളം |
| | – സി. ആൻഗ്രേസ് സി. എച്ച്. എഫ്., ലിറ്റിൽ വോയ്സ് – വടൂക്കര |

**കഥ**

| | |
|---|---|
| ഒന്നാം സമ്മാനം | – ആലീസ് ആന്റണി, നിത്യജ്യോതി – വിയ്യൂർ |
| രണ്ടാം സമ്മാനം | – റോബിൻസൺ ജോർജ്ജ്, |

| | |
|---|---|
| | ക്രിസ്തുരാജ് ബുള്ളറ്റിൻ – കോടന്നൂർ |
| | – പി. എ. റാഫേൽ, ജീവൻപ്രഭ – പാലക്കൽ |
| മൂന്നാം സമ്മാനം | – ഭാസി വർഗ്ഗീസ്, ഷാലോം – അരണാട്ടുകര |
| | – ചാക്കോ കാക്കശ്ശേരി, മാർതോമാദീപ്തി – മറ്റം |
| | – മാർട്ടിൻ ചാലിശ്ശേരി, സാന്റോസ് പാരിഷ് വോയ്സ് – അരിമ്പൂർ |

## കാർട്ടൂൺ

| | |
|---|---|
| ഒന്നാം സമ്മാനം | – സിജോ വർഗ്ഗീസ്, സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |
| | – ജോഷി ജോസ്, മരിയ രശ്മി – പേരാമംഗലം |
| രണ്ടാം സമ്മാനം | – ജോൺസൻ നമ്പഴിക്കാട്, മാർതോമാ ദീപ്തി – മറ്റം |
| മൂന്നാം സമ്മാനം | – സാന്റോസ് പൾസ് – അമലനഗർ |

## ഇടയശബ്ദം (വികാരി)

ഫാ. ജേക്കബ് തച്ചറാട്ടിൽ, ക്രിസ്തുരാജ ബുള്ളറ്റിൻ– കോടന്നൂർ
ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ, ബ്രിഡ്ജ് – വലപ്പാട്
ഫാ. ജോസ് പയ്യപ്പിള്ളി സി.എം.ഐ., എൽവോയ്സ് –എൽത്തുരുത്ത്
ഫാ. ഷിന്റോ പാറയിൽ, വിജയമാത – ചിയ്യാരം
ഫാ. ജോയ് കൊള്ളന്നൂർ, പാദുവാരശ്മി – അമ്മാടം

## ഇടയശബ്ദം (സഹവികാരി)

ഫാ. ക്രിസ്റ്റീൻ ചിറമ്മൽ, യേശുനാദം – ഒല്ലൂർ
ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ, ഫ്ളവർ വോയ്സ് – എറവ്
ഫാ. നവീൻ മുരിങ്ങാത്തേരി, പാദുവാദീപം – മണ്ണുത്തി
ഫാ. സീജൻ ചക്കാലക്കൽ, ഷാലോം – അരണാട്ടുകര
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ, പാദുവാനാദം – പഴുവിൽ

## 2. ജസ്റ്റിൻ ജോസിന് മാധ്യമ അവാർഡ്

സിനിമാ ശബ്ദമിശ്രണത്തിൽ ദേശീയപുരസ്കാരങ്ങൾ നേടിയ തൃശ്ശൂർ അതിരൂപതാംഗമായ ജസ്റ്റിൻ ജോസിന് തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ്. രണ്ട് ദേശീയ പുരസ്കാരങ്ങളടക്കം നിരവധി അവാർഡുകൾ കരസ്ഥമാക്കിയ വ്യക്തിയാണ് ജസ്റ്റിൻ.

പതിനായിരത്തൊന്ന് രൂപയും ശില്പവും പ്രശസ്തിപത്രവുമാണ് അവാർഡ്. 2019 ആഗസ്റ്റ് 31ന് തൃശ്ശൂർ സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ ചേരുന്ന അതിരൂപത മാധ്യമദിനത്തിൽ മാർ ആൻഡ്രൂസ് താഴത്ത് അവാർഡ് സമ്മാനിക്കും.

### 3. അതിരൂപത മാധ്യമദിനം ആഗസ്റ്റ് 31 ശനിയാഴ്ച

തൃശ്ശൂർ അതിരൂപത മാധ്യമദിനം 2019 ആഗസ്റ്റ് 31 ശനിയാഴ്ച ഉച്ചക്ക് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ വച്ച് നടത്തുന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിക്കും. ഫാ. ജോസ് കണ്ണമ്പുഴ മുഖ്യപ്രഭാഷണം നടത്തും. അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് ജസ്റ്റിൻ ജോസിന് സമർപ്പിക്കും. പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ഈ യോഗത്തിൽ നൽകുന്നതാണ്.

**ജോർജ്ജ് ചിറമ്മൽ**
**പ്രസിഡന്റ്**

**ഫാ. നൈസൻ ഏലന്താനത്ത**
**ഡയറക്ടർ**

# പൊതു അറിയിപ്പുകൾ

## 1. കരുണാട്രസ്റ്റ്

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ. ടി.സി., പരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി. ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപത യിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂ പത സാമ്പത്തിക കാര്യലയത്തിൽ 2019 ആഗസ്റ്റ് 15ന് മുമ്പ് അപേ ക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വെബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കു ന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. നൈസൺ ഏലന്താന ത്ത്, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെ ടേണ്ടതാണ്.

## 2. ബധിര–മൂക പ്രേഷിതത്വം

1. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച് ഇന്ത്യയിലെ കാത്തലിക് ഡെഫ് അസോസിയേഷന്റെ നേതൃത്വത്തിൽ ബധിരർക്കായി മെയ് 24 മുതൽ 26 വരെ ഒരു ധ്യാനം സംഘടിപ്പിച്ചു.
2. അതിരൂപതയിൽ ജാതി–മതഭേദമെന്യേ ബധിരരുടെ സെൻസസ് എടുക്കാൻ ആഗ്രഹിക്കുന്നു. അവരുടെ അഡ്രസ്സ്, ഫോൺ നമ്പർ, വയസ്സ്, ജീവിതാവസ്ഥ എന്നിവ ബഹു. വികാരിയച്ചന്മാർ അറിയിക്കുമല്ലോ.
3. എല്ലാ രണ്ടാം ശനിയാഴ്ചകളിലും ബധിരർക്കുവേണ്ടി തിയോളജി ക്ലാസ്സ് (ആരാധനക്രമം, ബൈബിൾ, സഭാചരിത്രം) പുത്തൻപള്ളി മാതാനികേതൻ ഹാളിൽ സംഘടിപ്പിക്കുന്നു. സമയം രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ. അതിരൂപതയിലെ Deaf Teaching Team-നു വേണ്ടിയാണിത്. Contact : Fr. Prayesh 7506604885
4. മൂന്നു വർഷമായി എല്ലാ രണ്ടാം ശനിയാഴ്ചകളിലും ബധിരരുടെ കൂട്ടായ്മ പുത്തൻപള്ളി മാതാനികേതനിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. സമയം ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ. നൂറോളം പേർ ഒത്തുചേരുന്നുണ്ട്. ആംഗ്യഭാഷയിൽ ചർച്ചാക്ലാസ്സുകളും കുർബാനയും ഉണ്ടായിരിക്കും. ഇടവകയിൽ നിന്നുള്ളവരെ പറഞ്ഞയക്കുമല്ലോ.
5. ബധിരർക്കു ഏറെ സഹായകമാകുന്ന ഐഡന്റിറ്റി കാർഡുകൾ ഗവൺമെന്റിൽ നിന്നു സംഘടിപ്പിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ഫാ. ജോർജ്ജ് തേർമഠം – 9947722922

## 3. കെ.എൽ.എം.

ദൈവാലയ ശുശ്രൂഷികളുടെ വാർഷികധ്യാനം 2019 ജൂലൈ മാസത്തിൽ രണ്ടു ബാച്ചുകളിലായി സംഘടിപ്പിച്ചു. തൃശ്ശൂർ രാമവർമ്മപുരത്തുള്ള ആബാ റിന്യൂവൽ സെന്ററിൽ വച്ചാണ് ഈ വർഷത്തെ വാർഷികധ്യാനം നടത്തിയത്. ആദ്യബാച്ചിൽ ചേലക്കര, എരുമപ്പെട്ടി, തൃശ്ശൂർ ലൂർദ്ദ്, പട്ടിക്കാട്, മറ്റം, പറപ്പൂർ, തൃശ്ശൂർ ബസിലിക്ക, പഴുവിൽ എന്നീ ഫൊറോനകളിലെ പള്ളികളിൽ നിന്നുള്ളവരും രണ്ടാം ബാച്ചിൽ വടക്കാഞ്ചേരി, പുത്തൂർ, വേലൂർ, കൊട്ടേക്കാട്, പാലയൂർ, കണ്ടശ്ശാംകടവ്, ഒല്ലൂർ, പുതുക്കാട് എന്നീ ഫൊറോനകളിൽ നിന്നുള്ളവരുമാണ് പങ്കെടുത്തതെന്ന് ഫാ. ജോർജ്ജ് നിരപ്പുകാലയിൽ അറിയിച്ചു.



നവീകരിച്ച ***ആർത്താറ്റ് മാർ തോമ തീർഥകേന്ദ്രം*** - 26.04.2019
(ഹോളിക്രോസ് ചർച്ച് ആർത്താറ്റ്)



നവീകരിച്ച ***പുത്തറക്കൽ സെന്റ് റോക്കി ചർച്ച് അൾത്താര*** - 16.05.2019

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2019
**August- 2019**






**AUGUST-4**
വി. ജോൺ മരിയ വിയാനി
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ



**AUGUST-15**
ഇന്ത്യൻ
സ്വാതന്ത്ര്യദിനാശംസകൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor